ശ്രീ. വി. കെ. രാജൻ അവതരിപ്പിച്ച ബിൽ നിരാകരിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. സി. കബീർ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വി. ജെ. തങ്കപ്പൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

1986-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച 5-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനക്ക് അയയ്ക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു. (ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു.)

VII 58-ാം ചട്ടപ്രകാരമുള്ള ചർച്ച

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 1983-84-ലെ പ്രവർത്തന റിപ്പോർട്ടിനെക്കുറിച്ചുള്ള ചർച്ച

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ പി. എസ്. സി. യുടെ പ്രവർത്തന റിപ്പോർട്ടിനെ സംബന്ധിച്ച് ഈ സഭയിൽ ചർച്ച നടക്കുകയുണ്ടായി. അന്ന് ചില നിർദ്ദേശങ്ങൾ ഉന്നയിക്കപ്പെട്ടിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനുമറുപടിപറയുകയും ചെയ്തിരുന്നു. ഇത്തവണ അവതരിപ്പിച്ചിരിക്കുന്ന റിപ്പോർട്ടിലും 1983-84-ലെ സ്ഥിതിഗതികളിൽനിന്നും യാതൊരു മാറ്റവും വന്നിട്ടില്ല എന്നുള്ള സൂചനയാണ് നൽകുന്നത്. സർ, ഞാൻ ഇതു പറയുന്നതിനുള്ള പ്രധാന കാരണം പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തന റിപ്പോർട്ട് വസ്തുതകൾ പൂർണ്ണമായും വെളിപ്പെടുത്തണമെന്നുള്ളതായിരിക്കണം. നിർഭാഗ്യവശാൽ ഈ റിപ്പോർട്ടിൽ വസ്തുതകളൊന്നും പൂർണ്ണമായി നൽകുന്നില്ല. റിപ്പോർട്ടു എന്നു പറയാവുന്ന നിലയിൽ എഴുതിയിട്ടുള്ളത് നാലഞ്ചാറു പേജുകൾ മാത്രമാണ്. ബാക്കിയുള്ളതു മുഴുവനും ടാബുലേറ്റഡ് സ്റ്റേറ്റുമെന്റും അപ്പൻറിക്സും മാത്രമാണ്. ഇത് ഒരിക്കലും ഈ സഭയിൽ ആരോഗ്യകരമായ ചർച്ചയ്ക്ക് സഹായകമായിത്തീരുന്നില്ല. അതുകൊണ്ട് ഈ റിപ്പോർട്ടിൽ വിശദമായ വിവരങ്ങൾ നൽകുന്നതിനുള്ള ഒരു നിർദ്ദേശം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഈ സന്ദർഭത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഔദ്യോഗിക കേന്ദ്രങ്ങളിൽനിന്നും എനിക്കു ലഭിച്ച ചില അനൗദ്യോഗിക കണക്കുകൾ വച്ചുകൊണ്ട് ഞാൻ ഇവിടെ സംസാരിക്കാൻ ഉദ്ദേശിക്കുകയാണ്. നമ്മുടെ പബ്ലിക് സർവ്വീസ് കമ്മീഷൻ ഇൻഡ്യയിലേക്ക് ഏറ്റവും വലുതാണ്. ഏറ്റവും ഒടുവിൽ കിട്ടിയ കണക്കനുസരിച്ച് 1980-81-ൽ നമ്മുടെ പബ്ലിക് സർവ്വീസ് കമ്മീഷനിൽ കിട്ടിയ അപേക്ഷകളുടെ എണ്ണം ഏഴുലക്ഷത്തി ഒൻപതിനായിരത്തി എഴുന്നൂറ്റി എൺപത്തിരണ്ടാണ്. 1981-82-ൽ 5,42,605 ആണ്. 1982-83-ൽ 6,92,005 ആണ്. 1983-84-ൽ 7,08,000 ആണ്. 1984-85-ൽ 10,69,000 ആണ്. 1985-86-ൽ 8,83,000 ആണ്. അപ്പോഴും ഏകദേശ കണക്കനുസരിച്ച് 20 ലക്ഷം അപേക്ഷകൾ ഇന്ന് പെൻഡിംഗിലാണ്. പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസിൽനിന്നും അഡ്വൈസ് കൊടുത്തതിന്റെ കണക്കും എന്റെ കൈവശമുണ്ട്- 1980-81-ൽ 16,991, 1981-82-ൽ 20,389, 1982-83-ൽ 15,983, 1983-84-ൽ 21,130, 1984-85-ൽ 17,507, 1985-86-ൽ 17,901. അപ്പോഴും

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽനിന്നും ഒരു കാര്യം വ്യക്തമാണ്. ലക്ഷക്കണക്കിന് അപേക്ഷകരും ഇന്നും തീരുമാനമാകാതെ കിടക്കുന്നു. ഈ സന്ദർഭത്തിൽ യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനവും കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനവും ചെറുതായിട്ടൊന്ന് താരതമ്യപ്പെടുത്തുന്നത് പ്രസക്തമായിരിക്കും. കഴിഞ്ഞ 6 വർഷങ്ങളിലായി യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷനിൽ കിട്ടിയ അപേക്ഷകളുടെ ആകെ എണ്ണം 13,41,833 ആണ്. കേരളാ പബ്ലിക് സർവ്വീസ് കമ്മീഷനിൽ കിട്ടിയത് 31,08,163 ആണ്. യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ആവറേജ് ഏകദേശം രണ്ടുലക്ഷത്തി അറുപത്തെണ്ണായിരത്തോളമാണ്. എന്നാൽ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷനിലെ ആവറേജ് അഞ്ചുലക്ഷത്തി പതിനെണ്ണായിരത്തോളമാണ്. ഇതാണ് നമ്മുടെ രാജ്യത്തിന്റെ സ്ഥിതി. എന്നാൽ അതേയവസരത്തിൽ യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷനിലെ മൊത്തം സ്റ്റാഫ് സ്ട്രെങ്ത് 1,383 ആണ്. കേരളാ പബ്ലിക് സർവ്വീസ് കമ്മീഷനിലെ സ്ട്രെങ്ത് കേവലം 970 ആണ്. ഈ കണക്കൊന്നും നമ്മുടെ റിപ്പോർട്ടിൽ തരില്ല. ഇതാണ് നിലവിലുള്ള സ്ഥിതിവിശേഷം. ഈ അവസരത്തിൽ എനിക്ക് ഒരു കാര്യം പറയാനുള്ളത് പല സന്ദർഭങ്ങളിലായി കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ അവരുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി പല നിർദ്ദേശങ്ങളും ഗവൺമെന്റിലേക്ക് അയച്ചിരുന്നു. സ്റ്റാഫ് സ്ട്രെങ്ത് വർദ്ധിപ്പിക്കണം, ജില്ലാ റിക്രൂട്ടുമെന്റു ബോർഡുകളിൽ സെക്ഷൻ ഓഫീസർ ഉൾപ്പെടെയുള്ള തസ്തികകളിലേക്ക് നിയമനം നടത്തണം. ഇതെല്ലാം കമ്മീഷന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി ഉണ്ടായ നിർദ്ദേശങ്ങളാണ്. ഇതിനു പുറമെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷ നടത്തുന്ന സമ്പ്രദായത്തിൽതന്നെ തകരാറുണ്ട്. ഇതു സംബന്ധിച്ച വാർത്തകൾ ധാരാളം പത്രങ്ങളിൽ വന്നിട്ടുള്ളതാണ്. അതുകൊണ്ട് പ്രധാനപ്പെട്ട ചില പരീക്ഷകൾ പബ്ലിക് സർവ്വീസ് കമ്മീഷന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ നടത്തുന്നതിനുള്ള സൗകര്യങ്ങൾ യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷനിലുള്ളതുപോലെ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷനിലും ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു. നിർഭാഗ്യവശാൽ ഈ ഗവൺമെന്റ് ഇതുവരെ ആ കാര്യത്തിൻമേൽ ഒരു തീരുമാനം എടുത്തിട്ടില്ല. ഈ അടുത്ത കാലത്ത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്, പി. എസ്. സി. ചെയർമാനും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജുമെന്റിലെ ശ്രീ. ചിദംബര അയ്യരും കൊച്ചി സർവ്വകലാശാലയിലെ ശ്രീ. രാമചന്ദ്രപൊതുവാളും അംഗങ്ങളായി ഒരു കമ്മിറ്റി രൂപീകരിച്ചു. അവർ ചില ശുപാർശകൾ ഗവൺമെന്റിലേക്ക് സമർപ്പിച്ചിട്ടുണ്ടെന്നോണ് അറിയുന്നത്. ആ ശുപാർശകൾ നടപ്പിലാക്കുന്നതിനുപകരം ദിവസക്കൂലിക്ക് ആളെ എടുക്കാനാണ് തീരുമാനിച്ചത്. ഇതാണ് തീരുമാനമുണ്ടായത്. ഈ സ്ഥിതിയിൽ ഇന്നു വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ് നമ്മുടെ രാജ്യത്ത് ആവിർഭവിച്ചിരിക്കുന്നത്. ഏറ്റവും ഒടുവിലായി 5-9-1986-ൽ ഇടുക്കി ജില്ലയിൽ നിലവിൽവന്ന വിവിധ വകുപ്പുകളിലേക്ക് എൽ. ഡി. ക്ലാർക്കുമാരുടെ പരീക്ഷ നടന്നു. ചോദ്യക്കടലാസ് പുറത്തായി. പത്രങ്ങളിൽ വാർത്തവന്നതാണ്. ഇടുക്കിയിലെ അതേ സെറ്റപ്പ് ചോദ്യംവച്ചു നടത്തിയ പരീക്ഷയുടെ, ഇടുക്കി ജില്ലയുടെ പരീക്ഷാഫലം മാത്രം റദ്ദാക്കുകയുണ്ടായി. മറ്റു ജില്ലകളിൽ പരീക്ഷാഫലം ഇന്നും അതേപടി തുടരുകയാണ്. ഇങ്ങനെ ഒരു വിരോധാഭാസമുണ്ട്. അത് ഇതുവരെ റദ്ദാക്കിയിട്ടില്ല. അതുപോലെ തന്നെ ഇപ്പോൾ കോളേജ് ലക്ചറേഴ്സിന്റെ നിയമനം നടക്കുന്നു. നിയമനങ്ങളെല്ലാം അങ്ങനെ കിടക്കുന്നു. ഈ ലിസ്റ്റ് റദ്ദായിയെങ്കിലും നിയമനം നടന്നില്ല. എന്നാൽ റദ്ദായ ലിസ്റ്റിൽനിന്നും നിയമനം നടത്തിയിട്ടുണ്ട്. ഉദാഹരണത്തിനു പൊളിറ്റിക്സിനു ലക്ചറേഴ്സിനെ വേണം. കഴിഞ്ഞ മേയ് മാസത്തിൽ ലിസ്റ്റ് റദ്ദായി. ജൂൺ മാസത്തിൽ അതിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

ആളെ എടുത്തു. ഇതും ഈ അടുത്ത കാലത്തു നടന്ന ഒരു സംഭവമാണ്. മറെറാന്ന് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത് റാങ്ക് ഹോൾഡേഴ്സിന്റെ സ്ഥിതിവിശേഷം സംബന്ധിച്ചാണ്. വളരെ പരിതാപകരമായ ഒരു ചിത്രമാണ് നമുക്ക് ഈ രംഗത്തു കാണാൻ കഴിയുന്നത്. 1983-ൽ 13,000 ഒഴിവുകൾ ഇലക്ട്രിസിററി ബോർഡിലുണ്ടായിരുന്നു. ഒരാളെപ്പോലും നിയമിച്ചിട്ടില്ല. സർവ്വെ ഡിപ്പാർട്ടുമെൻറിൽ സെക്കന്റ് ഗ്രേഡ് ഡ്രാഫ്ററ്സ്മാൻ തസ്തികയിലേക്ക് 1,040 പേരുടെയും സർവ്വേയർ തസ്തികയിലേക്ക് 1,968 പേരുടെയും റാങ്കുലിസ്ററ് പ്രസിദ്ധപ്പെടുത്തിയിരുന്നു. ഈ റാങ്ക് ലിസ്ററിൽനിന്നും ഒരാളെപ്പോലും ഇന്നുവരെ നിയമിച്ചിട്ടില്ല. തിരുവനന്തപുരം ജില്ലയിൽ മാത്രം പോലീസ് കോൺസ്ററബിൾ തസ്തികയിലേക്ക് 404 പേരുടെ ലിസ്ററ് ഉണ്ട്. പോലീസ് ഡിപ്പാർട്ടുമെൻറിലേക്ക് എല്ലാ ജില്ലകളിലുമായി 5,252 പേരുടെ ലിസ്ററാണുള്ളത്. തിരുവനന്തപുരത്തുമാത്രം ലാസ്ററുഗ്രേഡ് സർവൻസായി 782 പേരുടെ ലിസ്ററ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതുപോലെ ബിൽ കളക്ടർമാരായി 275 പേരുടെയും, എൽ.പി.എസ്., യു.പി.എസ്. അസിസ്ററൻറുമാരായി 684 പേരുടെയും, വില്ലേജ്മാൻമാരായി 207 പേരുടെയും ലിസ്ററ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലുമായി 9,854 ലാസ്ററു ഗ്രേഡ് ജീവനക്കാരുടെ ലിസ്ററ് നിലവിലുണ്ട്. അതുപോലെതന്നെ എൽ.പി.എസ്., യു.പി.എസ്. അസിസ്ററൻറുമാരുടെയും 2,691 വില്ലേജുമാൻമാരുടെയും, 4,758 ജൂനിയർ നഴ്സുമാരുടെയും, 2,626 ആക്സിലറി നഴ്സുമാരുടെയും ലിസ്ററുകൾ നിലവിലുണ്ട്. എല്ലാ ജില്ലകളിലുമായി 58 തസ്തികകളിലേക്കു ഒൻപതിനായിരത്തോളം റാങ്കുലിസ്ററാണ് നിലവിലുള്ളത്. ഒരു നിയമനവും നടന്നിട്ടില്ല. എല്ലാ റാങ്കുലിസ്ററിനെയും അവഗണിച്ചുകൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിരന്തരമായി നിയമനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെൻറ് പൊതുമേഖലാ സ്ഥാപനങ്ങളുടെ നിയമനങ്ങളെല്ലാം പി.എസ്.സി.ക്കു വിട്ടിട്ടുണ്ടോ? വിട്ടിട്ടില്ല. ഉദാഹരണത്തിനു കഴിഞ്ഞ ദിവസം ഇവിടെ അവതരിപ്പിച്ച മോട്ടോർ ബിൽ ആക്ടു നോക്കിയാൽ അറിയാം. അതിൽ ഏതാണ്ടു പ്രധാനപ്പെട്ട പല നിയമനങ്ങളും പബ്ലിക് സർവ്വീസ് കമ്മീഷനു വിട്ടിട്ടില്ല. വിട്ടിട്ടുള്ള നിയമനങ്ങളിൽത്തന്നെ റാങ്കുലിസ്ററനുസരിച്ചല്ല നിയമനം നടത്തുന്നത്. ഇതാണ് രാജ്യവ്യാപകമായി നമുക്ക് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. ഈ ഡിപ്പാർട്ടുമെൻറിൽ മാത്രമല്ല, പി.എച്ച്. ഇ.ഡി. യിൽ ഇലക്ട്രിഷ്യൻ, ഫിറർ, ഓപ്പറേറ്റർ തസ്തികകളിലേക്ക് 153 പേരുടെ ലിസ്ററുണ്ട്. ഒരൊറെറ എണ്ണവും നിയമിച്ചിട്ടില്ല. അതുപോലെതന്നെ ഇന്നു പബ്ലിക് സർവ്വീസു കമ്മീഷൻ പ്രസിദ്ധപ്പെടുത്തിയവരുടെ ലിസ്ററ് ഏതാണ്ട് ഒന്നര ലക്ഷത്തോളം വരും. അതിൽ ആകെ നിയമനം കൊടുത്തിട്ടുള്ളത് 8,900 പേർക്കുമാത്രമാണ്. ഇതിൽനിന്നും ഒരു കാര്യം വ്യക്തമാണ്. ഈ രാജ്യത്ത് തൊഴിലില്ലാത്ത യുവാക്കൾ, ഈ അടുത്തകാലത്ത് ഡി.വൈ.എഫ്.ഐ.-യും മാറും സമരം നടത്തിയത് എത്രമാത്രം പ്രസക്തമാണെന്ന് ഈ അവസരത്തിൽ നാം ഓർക്കേണ്ടതാണ്. അങ്ങനെയുള്ള ഒരു സമരത്തെ ഗവൺമെൻറ് നേരിട്ടത് എങ്ങനെയാണെന്നു നമുക്കറിയാം. ഈ ഗവൺമെൻറ് ആ സമരത്തെ നേരിടുന്ന അവസരത്തിലും നമുക്കു കാണാൻ കഴിഞ്ഞ ഒരു സംഗതി ഇത്രയും ദീർഘമായ ലിസ്ററിൽനിന്നും ഒരാളെപ്പോലും നിയമിച്ചിട്ടില്ലെന്നുള്ളതാണ്. അതു മാത്രമല്ല, വേറെ ഒരുകാര്യം എനിക്കു ചൂണ്ടിക്കാണിക്കാനുള്ളത് പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും തയ്യാറാക്കിക്കൊടുത്ത ലിസ്ററ് അനുസരിച്ചല്ല നിയമനം നടത്തുന്നത് എന്നതാണ്. സ്വന്തം പാർശ്വവർത്തികളെയും, രാഷ്ട്രീയ പരിഗണനകൾവച്ചും രാഷ്ട്രീയവിഹിതം വച്ചുമാണ് പൊതുമേഖലാ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളിലെ നിയമനങ്ങൾ ഇന്നു നടന്നുകൊണ്ടിരിക്കുന്നത്. സാമുദായിക റൊട്ടേഷൻ പാലിക്കുന്നില്ല. സംവരണ തത്വം പാലിക്കുന്നില്ല. തത്വങ്ങളെല്ലാം കാറ്റിൽ പറത്തിക്കൊണ്ട് പാവപ്പെട്ട യുവാക്കളെ വഴിയാധാരമാക്കിക്കൊണ്ട്, ഈ റാങ്കു ലിസ്റ്റിനെ അവഗണിച്ചുകൊണ്ടാണ് ഈ രാജ്യത്തെ പൊതുമേഖലാസ്ഥാപനങ്ങളിലെ നിയമനങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. ഇത് വളരെ ഗുരുതരമായ സ്ഥിതിവിശേഷം ഉളവാക്കുന്നു. ഈ വസ്തുതയുടെ ശ്രദ്ധയിൽപ്പെടുത്തിയ കാര്യമാണ്. ഈ രാജ്യത്തു നടക്കുന്ന അനീതിക്കെതിരായി അതിശക്തമായ നടപടി ഗവൺമെൻറിന്റെ ഭാഗത്തു നിന്നും ഉണ്ടാകണം. പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം. അതിനു കമ്പ്യൂട്ടർ പദ്ധതി ഏർപ്പെടുത്തിയതുകൊണ്ടു മാത്രം ശരിപ്പെടില്ല. ഇതിനെല്ലാം ഒറ്റമൂലിയാണ് കമ്പ്യൂട്ടർ പ്രയോഗം എന്ന ധാരണയുണ്ട്. കമ്പ്യൂട്ടർ പ്രയോഗിച്ചതുകൊണ്ട് ഒരു കാരണവശാലും പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം മെച്ചപ്പെടാൻ പോകുന്നില്ല. മറിച്ച്, പ്രായോഗികമായ വ്യക്തമായ നടപടികൾ ഗവൺമെൻറ്, സ്വീകരിച്ച് നിലവിലുള്ള റാങ്കു ലിസ്റ്റനുസരിച്ചുള്ള നിയമനങ്ങൾ നടത്താനുള്ള കർശനമായ നടപടികളെടുക്കുമെന്നു മുഖ്യമന്ത്രി നേരത്തെ പറഞ്ഞു. പക്ഷേ നടപ്പിലായില്ല. ഈ റാങ്കുലിസ്റ്റനുസരിച്ചുള്ള നിയമനങ്ങൾ പൂർണ്ണമായും നടത്തുന്നതിനു അടിയന്തരമായ നടപടികൾ ഈ ഗവൺമെൻറ് സ്വീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ : വിദ്യാഭ്യാസം പൂർത്തിയായ ഏതൊരാളിന്റെയും ഏറ്റവും വലിയ സ്വപ്നമാണ് ഒരു സർക്കാർ ജോലി ലഭിക്കുകയെന്നുള്ളത്. ഒരു കുടുംബത്തിൽ ഒരാളിനെങ്കിലും ജോലി ലഭിക്കുകയെന്നുള്ളത് കോൺഗ്രസ് ഉയർത്തിയ ഒരു മുദ്രാവാക്യമാണ്. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബത്തിൽ ഒരാൾക്ക് എങ്കിലും ജോലി കൊടുക്കുന്ന ഒരു സംവിധാനം നിർബന്ധമായും നടപ്പിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ സർക്കാരിനെ സംബന്ധിച്ചിടത്തോളം പി.എസ്. സി. മുഖേന നിയമനങ്ങൾ നടത്തുകയെന്നുള്ളതുകൊണ്ട് ഉദ്ദേശിക്കുന്നത്, കുറെമറെ ഒരു നിയമന രീതിയും, കാര്യക്ഷമത വർദ്ധിപ്പിക്കുവാനും, അഴിമതിയില്ലാതെ ജോലി ലഭിക്കുന്നതിനും വേണ്ടിയാണ്. അതുകൊണ്ടു തന്നെയാണ് നാം പി. എസ്. സി.-യെ ആശ്രയിക്കുന്നത്. പക്ഷേ പി. എസ്. സി.-യെ സംബന്ധിച്ചിടത്തോളം വളരെയധികം പ്രശ്നങ്ങളുണ്ടെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. നമ്മുടെ രാജ്യത്ത് അപേക്ഷ ക്ഷണിക്കുമ്പോൾ ഒന്നോ, പത്തോ, നൂറോ പോസ്റ്റിനുവേണ്ടി ലക്ഷക്കണക്കിന് അപേക്ഷകളാണ് വരുന്നത്. വിവിധ കേഡറിൽപ്പെട്ടതാണെങ്കിലും, അത് സോർട്ട് ചെയ്ത് ആ കേഡറിനെ സംബന്ധിച്ചിടത്തോളം, പ്രത്യേകമായി ടെസ്റ്റ് നടത്തുക, ഇൻറർവ്യൂ നടത്തുക, ഇതെല്ലാം വളരെ ശ്രമകരമായ ജോലിയാണ്. ഒരുപാട് ജോലിഭാരമുള്ള ഒരു സ്ഥിതിവിശേഷമാണ് നമ്മുടെ പി. എസ്. സി.-യെ സംബന്ധിച്ചിടത്തോളമുള്ളതെന്ന പരമാർത്ഥം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. എനിക്ക് ഒന്നു രണ്ടു കാര്യങ്ങളാണ് ചൂണ്ടിക്കാണിക്കാനുള്ളത്. നമ്മുടെ പി. എസ്. സി.യിലെ നിയമനരീതികളെ സംബന്ധിച്ചിടത്തോളം ചില പ്രധാനപ്പെട്ട കാര്യങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒന്നാമതായി, എനിക്ക് പറയാനുള്ളത് ഈ കമ്മ്യൂണൽ റൊട്ടേഷനെക്കുറിച്ചാണ്. കമ്മ്യൂണൽ റൊട്ടേഷനെ സംബന്ധിച്ചിടത്തോളം, ഇന്ന് കമ്മ്യൂണൽറൊട്ടേഷൻ പ്രകാരം ഒരു നിയമനം നടത്തുമ്പോൾ പല സമുദായങ്ങൾക്കും നിയമനം കിട്ടുന്നില്ലെന്നുള്ളതാണ് പരമാർത്ഥം. ഉദാഹരണമായി എനിക്ക് പറയാനുള്ളത് ആദിവാസികളെ സംബന്ധിച്ചാണ്. ആദിവാസികളെ സംബ

LIBRARY ARCHIVES Kerala Legislative Assembly

ന്ധിച്ചിടത്തോളം 44-ാമത്തെ റൊട്ടേഷനാണ് ആദിവാസികൾക്ക് നിയമനത്തിലുള്ളത്. ഇന്ന് ആ 44-ാമത്തെ റൊട്ടേഷനനുസരിച്ച് ആദിവാസികൾക്ക് ജോലി കൊടുക്കുന്നതിന് 44-ാമത്തെ പോസ്റ്റ് കിട്ടിയാൽ മാത്രമേ സാധിക്കുകയുള്ളൂ. അപ്പോൾ 44-ാമത്തെ പോസ്റ്റ് വരുന്നില്ലെങ്കിൽ ഒരു ആദിവാസിക്കുപോലും ജോലി കിട്ടുകയില്ലെന്നുള്ള ഒരു സ്ഥിതിവിശേഷമാണിന്നുള്ളത്. അതുകൊണ്ട് പി. എസ്. സി. ലിസ്റ്റിനെ സംബന്ധിച്ചിടത്തോളം, ഒരു പ്രാവശ്യം 43 പോസ്റ്റാണുള്ളതെങ്കിൽ അടുത്ത റൊട്ടേഷൻ ആദിവാദികൾക്കാണെങ്കിൽ പിന്നീട് വരുന്ന ലിസ്റ്റിൽ ആദ്യം ആദിവാസികൾക്ക് കൊടുക്കത്തക്ക രീതിയിലുള്ള ഒരു സംവിധാനമുണ്ടാക്കണം. ഇപ്പോൾ ആദിവാസികളെ സംബന്ധിച്ചിടത്തോളം വളരെ പരിതാപകരമായ ഒരു അവസ്ഥയാണുള്ളതെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ന് ഓരോ ഡിപ്പാർട്ടുമെൻറുകളിൽ നോക്കിയാലും റിസർവേഷൻ പാലിക്കാൻ സാധിച്ചിട്ടില്ലെന്ന വസ്തുത നമുക്ക് കാണാൻ സാധിക്കും. ഒന്നുരണ്ട് ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കൃഷി വകുപ്പിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളം ഒരു പ്യൂൺ പോസ്റ്റെടുത്ത് നോക്കാം. കൃഷി വകുപ്പിൽ 96 പ്യൂൺ പോസ്റ്റുകളുള്ളതിൽ 14 എണ്ണം പട്ടികജാതിക്കാരുണ്ടെങ്കിൽ ആദിവാസികൾ ഒരെണ്ണം പോലുമില്ല. അതുപോലെ വ്യവസായ വകുപ്പിൽ കോമേഴ്സ് വിഭാഗത്തിൽ നോൺ ഗസറ്റഡ് ആഫീസർമാരുടെ 1,684 പോസ്റ്റുകളാണുള്ളത്. അതിൽ 275 പോസ്റ്റുള്ള പ്യൂൺ പോസ്റ്റിൽ പട്ടികജാതിക്കാരുടെ പോസ്റ്റ് 23 എണ്ണമാണ്. അതിൽ രണ്ടെണ്ണത്തിൽ മാത്രമേ പട്ടികജാതി-പട്ടിക വർഗ്ഗക്കാരെ നിയമനം നടത്തിയിട്ടുള്ളൂ. രണ്ടുശതമാനപ്രകാരം പ്രാതിനിധ്യം നോക്കിയാലും പട്ടികജാതി പട്ടിക-വർഗ്ഗക്കാർക്ക് നിയമനം കൊടുക്കേണ്ടതായിരുന്നു. അതുപോലെ ബോർഡ് ഓഫ് റവന്യൂവിൽ ലാസ്റ്റ് ഗ്രേഡ് സർവൻറിൻെറ പോസ്റ്റിൽ 2,041 പോസ്റ്റുള്ളതിൽ 9 പോസ്റ്റ് മാത്രമാണ് പട്ടികവർഗ്ഗക്കാർക്കുള്ളത്. ഞാൻ ഇത് ചൂണ്ടിക്കാണിക്കാൻ കാരണം, ഇന്നത്തെ റൊട്ടേഷൻ സിസ്റ്റത്തിൻെറ കാര്യത്തിലും, നിയമനരീതികളിലും വളരെ കുറവുണ്ടെന്നു ചൂണ്ടിക്കാണിക്കാൻ വേണ്ടിയാണ്. ഇന്നത്തെ സംവിധാനത്തിൽ റാങ്ക് ലിസ്റ്റിൽ 45 പോസ്റ്റുണ്ടായാൽ മാത്രമേ ആദിവാസികൾക്ക് ഒരു പോസ്റ്റ് കിട്ടുകയുള്ളൂ. അതില്ലെങ്കിൽ കമ്മ്യൂണൽ റൊട്ടേഷൻ പ്രകാരം ആദ്യത്തെ ലിസ്റ്റിൽനിന്ന് ആദിവാസികൾക്ക് ജോലി കിട്ടുകയില്ല. അതുകൊണ്ട് എനിക്ക് പറയുവാനുള്ളത് ഒരു ലിസ്റ്റ് തീർന്നുകഴിഞ്ഞാൽ അടുത്ത ഊഴം ഏതിലാണോ വന്നിരിക്കുന്നത്, അടുത്ത ഫൈറ്റ് ആർക്കാണോ കൊടുക്കേണ്ടത് അവിടെനിന്ന് രണ്ടാമത് തുടങ്ങുന്ന ലിസ്റ്റ് ആരംഭിക്കണമെന്നാണ്. അതുകൊണ്ട് പി. എസ്. സി.യെ സംബന്ധിടത്തോളം, ഗവൺമെൻറ് ഈ റൊട്ടേഷൻ സിസ്റ്റം മാറ്റി അത് ചേഞ്ചിംഗ് റൊട്ടേഷനാക്കി മാറ്റണം. രണ്ടാമത് ആദിവാസികളെ സംബന്ധിച്ചിടത്തോളം, പട്ടികജാതി, പട്ടികവർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളം സ്പെഷ്യൽ റിക്രൂട്ട്മെൻറ് ഏർപ്പെടുത്തിയിട്ടുണ്ട് എന്നിട്ടും ആദിവാസികൾക്ക് കിട്ടാനുള്ള അവസരം നഷ്ടപ്പെടുകയാണ്. അതുകൊണ്ട് ആദിവാസികൾക്ക് മാത്രമായി സ്പെഷ്യൽ റിക്രൂട്ട്മെൻറ് കൊണ്ടുവരണമെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം, പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് 5 ശതമാനംപോലും നിയമനം കിട്ടാത്ത സാഹചര്യത്തിലാണ് ഇവിടെ സ്പെഷ്യൽ റിക്രൂട്ട്മെൻറ് ഏർപ്പെടുത്തിയത്. പക്ഷേ ഇന്ന് ആദിവാസികൾക്ക് ജനസംഖ്യാനുപാതികമായി 2 ശതമാനം കിട്ടണമെന്നുള്ളതാണ് വ്യവസ്ഥ. പക്ഷേ ആ 2 ശതമാനംപോലും കിട്ടുന്നില്ലെന്നുള്ളതാണ് പരമാർത്ഥം. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഈ റൊട്ടേഷൻ സിസ്റ്റം ചേഞ്ച് ചെയ്ത് കൊണ്ടുവരണം.. ആദ്യത്തെ ലിസ്റ്റ് കഴിഞ്ഞ് രണ്ടാമത്തെ ലിസ്റ്റ് വീണ്ടും അത് എവിടെനിന്ന് അവസാനിക്കുന്നുവോ, രണ്ടാമത്തെ ലിസ്റ്റ് അവിടെനിന്ന് ആരംഭിക്കാനുള്ള ഒരു സംവിധാനം ഏർപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ആ കാര്യത്തെക്കുറിച്ച് ഗവൺമെൻറ് കാര്യമായി ശ്രദ്ധിക്കണം. അതോടൊപ്പംതന്നെ സ്പെഷ്യൽ റിക്രൂട്ട്മെൻറ് ആദിവാസികൾക്കുവേണ്ടി മാത്രമുണ്ടാക്കുവാനുള്ള സംവിധാനമുണ്ടാക്കിയാൽ മാത്രമേ ആദിവാസികൾക്ക് ജോലി ലഭിക്കുകയുള്ളൂ. ഇപ്പോൾ ആദിവാസികൾക്ക് ജോലിയുടെ വിവരങ്ങൾ കൊടുക്കാൻവേണ്ടി സഞ്ചരിക്കുന്ന എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ രൂപീകരിച്ചിരിക്കുകയാണ്. പക്ഷേ അത് വേണ്ടത്ര പ്രയോജനം ചെയ്യുന്നില്ല. വേറൊരു കാര്യം ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. അതായത് പി. എസ്. സി.ക്ക് അപേക്ഷ ക്ഷണിക്കുമ്പോൾ ഒരാഴ്ചക്ക് മുൻപാണ് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വാർത്ത പത്രത്തിൽ വരുന്നത്. ഈ ചുരുങ്ങിയ കാലംകൊണ്ട് മലബാറിൽ വയനാട് തുടങ്ങിയ പ്രദേശങ്ങളിലെ ആളുകൾക്ക് ഒരാഴ്ചകൊണ്ട് ഗസറ്റ് കണ്ടുപിടിക്കണം, ഗസറ്റഡ് ഓഫീസർമാരുടെ ഒപ്പ് വാങ്ങിക്കണം, പി. എസ്. സി. ഫാറം വാങ്ങണം ഇതെല്ലാം ചെയ്തുകഴിയുമ്പോൾ മൂന്നുനാലുദിവസം കഴിയും. അപ്പോൾ സമയത്ത് അപേക്ഷിക്കാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷമുണ്ടാകുന്നു. അതുകൊണ്ട് പലപ്പോഴും പലർക്കും ജോലി കിട്ടുന്നില്ല. പേപ്പറിൽ പരസ്യപ്പെടുത്തുന്നത് വളരെ താമസിച്ചായതുകൊണ്ടാണ് മലബാറിലുള്ള ആളുകളെ സംബന്ധിച്ചിടത്തോളം ജോലി കിട്ടാത്തതിൻെറ പ്രധാനപ്പെട്ട കാരണം. അതുകൊണ്ട് എൻെറ അഭിപ്രായത്തിൽ അപേക്ഷ ക്ഷണിക്കുമ്പോൾ ഒരു മാസം മുൻപെങ്കിലും ഈ വിവരം പത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം. അങ്ങനെയുള്ള ഒരു സംവിധാനമുണ്ടാക്കിയാൽ മാത്രമേ ഗസറ്റ് കണ്ടുപിടിക്കാനും, സമയാസമയങ്ങളിൽ അപേക്ഷിക്കുവാനും, സമയത്ത് പി.എസ്.സി. ഓഫീസിൽ അപേക്ഷ കിട്ടുകയും ചെയ്യുകയുള്ളൂ. അതുകൊണ്ട് ആ രീതിയിലുള്ള ഒരു സംവിധാനം നമുക്കുണ്ടാക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടികളെടുക്കണം. അതുപോലെ ഇവിടെ ചൂണ്ടിക്കാണിക്കാനുള്ള മറ്റൊരു കാര്യം ഡിസ്ട്രിക്ട് ലെവലിൽ റിക്രൂട്ട്മെൻറ് നടത്തുന്നതിൽത്തന്നെയും കെയർ ഓഫ് വച്ച് വയനാടിലായാലും, അതുപോലെ കണ്ണൂരിലായാലും, കാസർകോഡായാലും അപേക്ഷിക്കുന്നുണ്ട്. അതുകൊണ്ട് യഥാർത്ഥത്തിൽ അവിടെയുള്ള ജോലി കിട്ടേണ്ട ആൾക്കാർക്ക് ജോലി കിട്ടുന്നില്ല, എന്ന് മാത്രമല്ല കുറെകഴിയുമ്പോൾ പല ഭാഗത്തുനിന്നും ആളുകൾ വന്ന് ആ ജില്ലയിലുള്ള ആളുകൾ ട്രാൻസ്ഫർ വാങ്ങിച്ചുപോകേണ്ട ഒരു സ്ഥിതിവിശേഷവുണ്ടാകാറുണ്ട്. അങ്ങനെ കാര്യക്ഷമമായി അവിടത്തെ പ്രവർത്തനങ്ങൾ നടത്താനുള്ള സ്ഥിതിവിശേഷം ഉണ്ടാകാതെ ട്രാൻസ്ഫർ വാങ്ങിച്ചുപോകാനുള്ള ഒരു സ്ഥിതിവിശേഷം–അതിൻെറ ഉദ്ദേശംതന്നെ അതാത് ജില്ലകളിൽ ആവശ്യമായിട്ടുള്ള ജോലിക്കാർ അതാത് ജില്ലകളിൽത്തന്നെയുണ്ടാകണമെന്നുള്ളതാണ്. അതിനെ തകിടം മറിച്ചുകൊണ്ട് പലതരത്തിലുള്ള നിയമനങ്ങൾ വരുന്നതുകൊണ്ട് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് ആ ഡിസ്ട്രിക്ടിൽത്തന്നെ ജോലി കൊടുക്കാനുള്ള ഒരു സംവിധാനമുണ്ടാക്കണം എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

നമ്മുടെ പബ്ലിക് സർവ്വീസ് കമ്മീഷനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മെമ്പർ വർക്കല രാധാകൃഷ്ണൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അടുത്തതായി എനിക്ക് പറയാനുള്ളത് പൊതുമേഖലാസ്ഥാപനങ്ങളെ സംബന്ധിച്ചാണ്. പട്ടികജാതി-പട്ടികവർഗ്ഗക്കാരെ സംബന്ധി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിടത്തോളം പൊതുമേഖലാസ്ഥാപനങ്ങളും ഇന്നും ആദിവാസികളുടേയും, ഹരിജനങ്ങളുടേയുമെല്ലാം സ്ഥിതി അതുതന്നെ. വേണ്ടത്ര പ്രാതിനിധ്യം ലഭിച്ചിട്ടില്ല. ഇന്ന് എല്ലാ കാര്യങ്ങളും നമ്മളെ പി. എസ്. സി.ക്ക് വിടുകയെന്ന് പറയുകയാണ്. പക്ഷേ യഥാർത്ഥത്തിൽ ആവശ്യത്തിനുള്ള പ്രാതിനിധ്യം പി. എസ്. സി. യിൽ കൊടുക്കുന്നില്ല. ആവശ്യത്തിനുള്ള റിസർവേഷനും കൊടുക്കുന്നില്ല. ഇത്തരം കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഗവൺമെൻറ് വളരെ ഗൗരവതരമായി ആലോചിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. സർ, എനിക്ക് ഇവിടെ അടിവരയിട്ട് പറയാനുള്ളത് രണ്ടു മൂന്ന് കാര്യങ്ങളാണ്. ഒന്നാമത് റൊട്ടേഷനെ സംബന്ധിച്ചാണ്. റൊട്ടേഷനെ സംബന്ധിച്ചിടത്തോളം ഒരു ചേഞ്ചിംഗ് റൊട്ടേഷനുണ്ടാകണം. പി. എസ്. സി. ലിസ്റ്റ് ഒരു പ്രാവശ്യം നിറുത്തിയാൽ അതിനെ തുടർന്ന് അടുത്ത ഊഴം ആർക്കാണോ, ആ സമയത്ത് കൊടുക്കത്തക്ക രീതിയിലുള്ള ഒരു സംവിധാനമുണ്ടാക്കണം. രണ്ടാമതായി, എനിക്ക് പറയാനുള്ളത് ആദിവാസികളെ സംബന്ധിച്ചാണ്. ആദിവാസികളെ സംബന്ധിച്ചിടത്തോളം, സ്പെഷ്യൽ റിക്രൂട്ട്മെൻറ് ഏർപ്പെടുത്താനുള്ള സൗകര്യമുണ്ടാക്കണം. മറെറാന്ന് ഈ ജോലിക്കുവേണ്ടി പരസ്യപ്പെടുത്തുന്നതിനു ഒന്നോ രണ്ടോ ആഴ്ചയ്ക്ക് മുൻപ് എല്ലാവർക്കും വിവരം കിട്ടത്തക്ക രീതിയിലുള്ള ഒരു സംവിധാനമുണ്ടാക്കണം. ഇവിടെ ആദിവാസികളെ സംബന്ധിച്ചിടത്തോളം ഒരു കാര്യം സൂചിപ്പിക്കുകയുണ്ടായി. ആദിവാസികളും കാളിഫൈഡായിട്ടുള്ളവരല്ലെന്നാണ് പറയുന്നത്. ആ രീതിയിലുള്ള വ്യാഖ്യാനം വന്നപ്പോൾ ഞങ്ങൾ ഇതിനെ സംബന്ധിച്ച് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽനിന്ന് കണക്കെടുക്കുകയുണ്ടായി. അതിൽനിന്ന് ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് എസ്. എസ്. എൽ. സി. പാസ്സായ ആദിവാസികളിൽ 2369 പേർ എംപ്ലോയ്മെൻറ് എക്സ് ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ്. അതുപോലെതന്നെ പി. ഡി. സി. പാസ്സായ 134 പേരുണ്ട്. ഗ്രാഡ്വേറ്റ് അങ്ങനെ ഏതു വിഭാഗത്തിൽ നോക്കിയാലും, എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ ആദിവാസികളിൽ പേര് രജിസ്റ്റർ ചെയ്തവരുണ്ടെന്നു നമുക്ക് കാണാൻ കഴിയും. പക്ഷേ ജോലി കിട്ടുന്നില്ലെന്നുള്ളതാണ് പരമാർത്ഥം. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം നീതിപൂർവ്വവും പബ്ലിക് സർവ്വീസ് കമ്മീഷൻ ജോലി നൽകുമ്പോൾ ഏറെറവും അവഗണിക്കപ്പെട്ട വിഭാഗത്തെ തഴഞ്ഞിരിക്കുകയാണെന്നുള്ള പരമാർത്ഥം ഞാൻ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അത് പരിഹരിക്കുന്നതിനുവേണ്ടി, ഇപ്പോഴെങ്കിലും ഇതിനു മുൻപുള്ള എല്ലാ ഗവൺമെൻറുകളും ചെയ്ത കുറവ് പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെൻറ് ശ്രമിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, ഈ കമ്മീഷന്റെ രാഷ്ട്രീയവൽക്കരണം പൂർത്തിയായിരിക്കുകയാണ്. കൂട്ടുകക്ഷി മന്ത്രിസഭപോലെതന്നെ ഇതൊരു കൂട്ടുകക്ഷികമ്മീഷനാണ്. അതുകൊണ്ട് ഇതിന് പല പരാധീനതകളുമുണ്ട്. പ്രാപ്തി, വേണ്ടത്ര പ്രയോജനമില്ലാതിരിക്കുക, സർക്കാരിനെ എതിരിടാൻ അശക്തമായിത്തീരുക ; അപ്രാപ്തിയുടെ കാര്യം എടുത്തുനോക്കുകയാണെങ്കിൽ നടപ്പുവർഷത്തെ കണക്കുതന്നെ പറയുന്നുണ്ട്, നടപ്പുവർഷം ഏഴ് ലക്ഷത്തോളം ഹരിജനങ്ങൾ കിട്ടി, അതിൽ മൂന്നരലക്ഷത്തോളം മാത്രമേ ഹാൻഡിൽ ചെയ്തിട്ടുള്ളൂ, ബാക്കി മൂന്നരലക്ഷത്തിലധികം കുടിശ്ശികയായി കിടക്കുകയാണ്. കാൻഡിഡേറ്റ്സിനെ ഇൻറർവ്യൂ ചെയ്തിട്ടുള്ളത് 42,540, സെലക്ട് ചെയ്തത് 571. കാൻഡിഡേറ്റ്സിനെ നിയമനം ചെയ്തിട്ടുള്ളത് ഒരുലക്ഷത്തിഅൻപതിനായിരം.

LIBRARY ARCHIVES Kerala Legislative Assembly

സെലക്ട് ചെയ്തിട്ടുള്ളത് 38. ഈ കമ്മീഷൻത്താനെ വേണമോ എന്ന് സംശയം തോന്നുന്നു. ഇതുകൂടാതെ ഡിസിപ്ലിനറി കേയ്സ്സിന്റെ കാര്യത്തിൽ നോക്കുകയാണെങ്കിൽ നടപ്പുവർഷത്തിൽ 71 പുതിയ കേസ്സുകൾ കിട്ടി, ബാക്കി കുടിശ്ശികയായി കിടക്കുന്നത് 92 എണ്ണമാണ്. ഗവൺമെന്റിനെ നിയന്ത്രിക്കാൻ അശക്തയെന്നു പറയുകയാണ്. ഗവൺമെന്റ് കമ്മീഷനോട് പല റിപ്പോർട്ടും ചോദിച്ചിട്ടും അപ്പോയിന്റ് ചെയ്ത ആളുകളെ സംബന്ധിച്ചുതന്നെ യാതൊരു റിപ്പോർട്ടും കൊടുക്കുന്നില്ല. ഡി. പി. സി. കൺവീൻ ചെയ്യുന്നില്ല. പി. എസ്. സി. അഡൈ്വസിൽ നിന്ന് ആറ് departures ആകെ ഉണ്ടായിട്ടുണ്ട്. ഗവൺമെന്റ് അതിനെ ക്രിട്ടിസൈസ് ചെയ്തിട്ടുണ്ട്. ഡി. പി. സി.യുടെ കാര്യത്തിൽ വളരെ ശോചനീയമാണ് സ്ഥിതി. വളരെയധികം ഡിപ്പാർട്ടുമെന്റുകളിൽ ഡി. പി. സി. കുറെ കൊല്ലങ്ങളായി വിളിച്ചിട്ടില്ല. 11 ഡിപ്പാർട്ടുമെന്റുകളിലെ ഡി. പി. സി. അഞ്ച് കൊല്ലങ്ങളായി യോഗം വിളിച്ചിട്ടില്ല, 49 ഡിപ്പാർട്ടുമെന്റുകളിലെ ഡി. പി. സി. 1983-84 നടപ്പുവർഷത്തിൽ യോഗം വിളിച്ചിട്ടേയില്ല. വിളിക്കാത്തതിൽ പ്രധാനമായും ഉൾപ്പെടുന്നത് പബ്ലിക് റിലേഷൻസ്, ഹെൽത്ത് സർവ്വീസസ്, ടൂറിസ്റ്റ്. ഇവയിലെല്ലാം provisional promotion galone അതാണവിടെ നടക്കുന്നത്. ആ നിലയിൽ ഇതിന്റെ പ്രധാനമായ കാര്യങ്ങൾ നോക്കുകയാണെങ്കിൽ ഇത് പ്രയോജനരഹിതമാണ്, അപ്രാപ്തയാണ്, സർക്കാരിനെ നേരിടാൻ സാധിക്കുന്നില്ല. ഈ കമ്മീഷൻ രൂപീകരണയിലെ ആർട്ടിക്കിൾ 320 പ്രകാരം സ്റ്റേറ്റ്സ് സർവ്വീസിന്റെ അപ്പോയിന്റ്മെന്റ് അതോറിറ്റി തന്നെയാണ്. 321 പ്രകാരം ഇത് മറ്റുള്ള ആട്ടോണമസ് ബോഡീസ്-സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷൻസിനെ എക്സ്റ്റെൻഡ് ചെയ്യാം-ഇതെല്ലാം ഇന്ന് ഈ കമ്മീഷനിൽ നടന്നിട്ടുള്ളതുകൊണ്ട് ഗവൺമെന്റ് ഈ കാര്യമായി പരിഗണിക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്.

ഈ സംസ്ഥാനത്ത് രണ്ട് പബ്ലിക് സർവ്വീസ് കമ്മീഷൻ ആവശ്യമാണ്. ഒന്ന് സിവിൽ സർവ്വീസസിനും ലോക്കൽ ബോഡീസിനും, മറ്റേത് സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷൻസിനും ; മറ്റു ആട്ടോണമസ് ബോഡീസിനും. വേണ്ടിയും ഉണ്ടാകണം. അങ്ങനെ ഉണ്ടായാൽ മാത്രമേ ഇന്ന് ഈ കമ്മീഷനിൽ കാണുന്നതായിട്ടുള്ള സ്തംഭനാവസ്ഥ ഇല്ലാതാക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : സർ, നമ്മുടെ സംസ്ഥാനത്തെ ചെറുപ്പക്കാർ വളരെ പ്രത്യാശയോടുകൂടി നോക്കിയിരുന്ന പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ഇന്ന് അവരുടെ നിരാശയുടെ പ്രതിഫലനമായി മാറിയിരിക്കുകയാണ്. പി. എസ്. സി. യുടെ ഈ റിപ്പോർട്ട് പരിശോധിക്കുമ്പോൾ ഇതിൽ അംഗസംഖ്യ വളരെ വർദ്ധിപ്പിച്ചിട്ടുള്ളതായി കാണാം. മുന്ന് അംഗങ്ങളുമായി തുടങ്ങിയത് 9 ആയി, ഈ ഗവൺമെന്റ് വന്നതിനുശേഷം 13 ആയി, ഇപ്പോൾ അത് 15-ൽ എത്തി നിൽക്കുകയാണ്. യു. പി. എസ്സ് സി യിൽ പോലും 9 അംഗങ്ങളം മാത്രമേയുള്ളൂ. ഇൻഡ്യയിലെ ഏറ്റവും വലിയ റിക്രൂട്ടിംഗ് ഏജൻസി തന്നെയാണ് നമ്മുടെ പി. എസ്. സി. പക്ഷേ അതിന്റെ അംഗസംഖ്യ വർദ്ധിച്ചിട്ടുണ്ടെങ്കിലും പി. എസ സ്. സി. യുടെ പ്രവർത്തനം ഇന്ന് ആകെ കുത്തഴിഞ്ഞ ഒരു നിലവാരത്തിലെത്തി നിൽക്കുകയാണ്. പി. എസ്സ്. സി. യുടെ രൂപീകരണാപരമായ പ്രത്യേകത ഇവിടെ ചൂണ്ടിക്കാണിച്ചു. ഇന്ന് യഥാർത്ഥത്തിൽ പി. എസ്. സിക്ക് ഒരു സർക്കാർ വകുപ്പിന്റെ അംഗീകാരംപോലും നൽകാത്ത രീതിയിൽ അധഃപതിപ്പിച്ച സ്ഥിതിയിലാണ്. പി. എസ്. സി. യുടെ റിപ്പോർട്ടിൽ

LIBRARY ARCHIVES Kerala Legislative Assembly

തന്നെ ശ്രീ. വർക്കലരാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ചതുപോലെ ഇന്ന് അതിനെക്കുറിച്ച് ഈ സഭ ചർച്ച ചെയ്യേണ്ടതായ വിവരങ്ങളൊന്നും യഥാർത്ഥത്തിൽ ഇല്ല. പി. എസ്. സി. യുടെ അംഗസംഖ്യ ചൂണ്ടിക്കാണിച്ചു, പി. എസ്. സി. യുടെ എക്സാമിനേഷന്റെ ഒബ്സർവേഷനെക്കുറിച്ച് ചൂണിക്കാണിച്ചു. ഈ ഒബ്സർവേഷനിൽ ഇവർ ചൂണ്ടിക്കാണിച്ചിട്ടുള്ളത് യഥാർത്ഥത്തിൽ നമ്മുടെ ഗ്രാഡ്വേറ്റ്സിന്റെയും അണ്ടർഗ്രാഡ്വേറ്റ്സിന്റെയും നിലവാരം കുറഞ്ഞു എന്നുള്ള ചില കാര്യങ്ങൾ മാത്രമാണ്. ഈ ഒബ്സർവേഷനിൽ പ്രധാനം അതാണോ? പി. എസ്. സി. നടത്തുന്ന എഴുത്തു പരീക്ഷയിലും, ഇന്റർവ്യൂവിലും എല്ലാം ഇന്ന് വ്യാപകമായ ക്രമക്കേടുകളും, അഴിമതികളും പല രീതിയിൽ ഒരു കാലഘട്ടത്തിലുമില്ലാത്ത രീതിയിൽ പി. എസ്. സി. യെ സംബന്ധിച്ചുള്ള ക്രഡിബിലിറ്റി നഷ്ടപ്പെടുന്ന രൂപത്തിലുള്ള എത്രയോ സംഭവങ്ങൾ ഈ ഒബ്സർവേഴ്സ് തന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്തായാലും ഇതിൽ സൂചനയില്ല. അവർ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ പാവപ്പെട്ട കുടുംബങ്ങളിൽ, പട്ടിണി കിടക്കുന്ന കുടുംബങ്ങളിൽ ഉള്ള ലക്ഷക്കണക്കിന് ചെറുപ്പക്കാർ ഒരു തൊഴിലിനുവേണ്ടി വേഴാമ്പലിനെപ്പോലെ കാത്തുനിൽക്കുന്നവർ യഥാർത്ഥത്തിൽ ഏറ്റവും കൂടുതൽ കബളിപ്പിക്കലിന് വിധേയരായികൊണ്ടിരിക്കുകയാണ്, മാത്രമല്ല ആയിരക്കണക്കിന്, ലക്ഷക്കണക്കിന് ചെറുപ്പക്കാരുടെ, നമ്മുടെ പി. എസ്. സി. ക്ക് അപേക്ഷകൊടുക്കുന്ന സമയം മുതൽ, ടെസ്റ്റിനും, ഇന്റർവ്യൂവിനും മറ്റ് കാര്യങ്ങൾക്കുമൊക്കെ വരുന്ന ചെറുപ്പക്കാരുടെ ബുദ്ധിമുട്ടുകൾ അവർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അവരുടെ ഇല്ലായ്മയെ ചൂഷണം ചെയ്തുകൊണ്ട് 100 കണക്കിന് രൂപ മുടക്കി അപേക്ഷാ ഫാറം വാങ്ങി തയ്യാറാക്കി അയയ്ക്കുന്നതുമുതൽ ടെസ്റ്റിനും ഇന്റർവ്യൂവിനും പോകുന്നതുവരെ ചെലവഴിച്ചു കഴിഞ്ഞാൽ ആ ടെസ്റ്റിൽ വരുന്ന കൃത്രിമം കൊണ്ട് ആയിരക്കണക്കിന്, ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളെഴുതുന്ന ടെസ്റ്റുകൾ കാൻസൽ ചെയ്യേണ്ടി വരുന്നു. ഇതെങ്ങനെയാണ്? ഒബ്സർവേഴ്സ് ടെസ്റ്റുകളിലെയും കൃത്രിമങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആരൊക്കെയാണ് ആ ചോദ്യപേപ്പറുകൾ ചോർത്തുന്നത്? എസ്. ഐ. പോസ്റ്റിലേക്കുള്ള ടെസ്റ്റിന്റെ ചോദ്യങ്ങൾ ഐ. ജി ആണ് ചോർത്തിയെടുത്തത്. അതിനെ സംബന്ധിച്ച് അന്വേഷണം നടത്തുന്നു എന്നാണ് പറയുന്നത്, ഇവരെയൊക്കെ രക്ഷിക്കാനുള്ള രൂപത്തിലാണ് അന്വേഷണം നടത്തുന്നത്.

ഇവിടെ വിജിലൻസ് ആഫീസറെക്കുറിച്ച് പറഞ്ഞു. ആരാണ് വിജിലൻസ് ഓഫീസറെന്നല്ല ഈ സഭയ്ക്ക് അറിയേണ്ടത്. ആ വിജിലൻസ് ആഫീസറെകൊണ്ട് എന്താണ് പി. എസ്. സി. ചെയ്യിക്കുന്നത് എന്നൊരു സൂചനയുമില്ല. ഇന്ന് ആരാണ് വിജിലൻസ് ആഫീസർ എന്നു മാത്രമുള്ള സൂചനയുണ്ട്. പി. എസ്. സി. യിൽ ഇന്ന് ഐ. ജി. നിലവാരത്തിലുള്ള ആളുകൾ ചേർന്നാണ് അഴിമതി നടത്തുന്നത്. പി. എസ്. സി. മെമ്പർമാരെല്ലാം മോശക്കാരാണെന്നു പറയുന്നില്ല. ഇപ്പോൾ അവരുടെ അംഗസംഖ്യ വർദ്ധിപ്പിച്ചു. പലർക്കും പ്രാതിനിദ്ധ്യവും വന്നു. വളരെ നിലവാരം കുറഞ്ഞു, ഏറ്റവും മോശപ്പെട്ട പ്രകൃതമുള്ള ആളുകൾ വരെ പി. എസ്. സി. യിൽ കടന്നുവരുന്ന ഒരു സ്ഥിതിവിശേഷമുണ്ടായിട്ടുണ്ട്. അതുപോലെ പി. എസ്. സി. യിലെ ജീവനക്കാരെല്ലാം മോശക്കാരെന്നു പറയുന്നില്ല. പക്ഷേ മിക്കസ്ഥലങ്ങളിലും ഇതിന്റെ ക്രഡിബിലിറ്റി നഷ്ടപ്പെടുത്തിയിരിക്കുന്നു.

റിക്രൂട്ട്മെന്റിനെ സംബന്ധിച്ചിടത്തോളം നമ്മുടെ വകുപ്പദ്ധ്യക്ഷൻമാർ വളരെ മോശപ്പെട്ട ഒരു നിലപാട് പി. എസ്. സി. യോട് അനുവർത്തിക്കുന്നു. അവർ ചെയ്യേണ്ടതല്ലാത്ത സമീപനങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും അവസാനം. കാലാവധി കഴിഞ്ഞ ലിസ്റ്റിൽ നിന്നും രണ്ടു പേരെ നിയമിക്കാനുള്ള തന്ത്രമാണ് നടത്തുന്നത്. പൊളിറ്റിക്സ് ജൂനിയർ ലക്ചററുടെ നിയമനത്തിന് പുതിയ ലിസ്റ്റ് നിലവിൽ വന്നതിനുശേഷം കാലാവധി കഴിഞ്ഞ, പഴയ ലിസ്റ്റിൽ നിന്നും രണ്ടുപേരെ നിയമിക്കാനുള്ള വ്യഗ്രത നടക്കുന്നു അത് പി. എസ്. സി. യുടെ മാത്രം കുറ്റമല്ല. ഗവൺമെന്റ് റിക്രൂട്ട്മെന്റിൽ പല കളളക്കളികളും വകുപ്പു മേധാവികളെ ഉപയോഗിച്ച് നടത്തുന്നു അങ്ങനെ പി. എസ്. സിയെ തരംതാഴ്ത്തി ഒരു വകുപ്പിന്റെ നിലവാരത്തിലേക്ക് കൊണ്ടുപോകുന്നു.

ശ്രീ. നാലകത്തുസൂപ്പി : സർ, നമ്മുടെ പി. എസ്. സി. യെക്കുറിച്ചും അതിന്റെ പ്രവർത്തനത്തിൽ കാര്യക്ഷമതയില്ല, തെരഞ്ഞെടുപ്പിനു കാലതാമസം വരുന്നു, എന്നിങ്ങനെ പല ആക്ഷേപങ്ങളും ഈയടുത്ത കാലത്ത് ഉയർന്നു വന്നിട്ടുളളത് ഒരു വസ്തുതയാണ്. സീസറുടെ ഭാര്യ സംശയാതീത മാകണമെന്ന് പറയുന്നതുപോലെ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ഒരിക്കലും അപവാദത്തിനിടയാകരുത്, അപവാദത്തിനതീതമാകണമെന്നുതന്നെയാണ് ഇന്ന് നമ്മുടെ അഭിപ്രായം. ഈ സന്ദർഭത്തിൽ എനിക്ക് ചൂണ്ടിക്കാണിക്കാനുള്ള ഒരുകാര്യം, 1983-84:ലെ പി. എസ്. സി. റിപ്പോർട്ട് അനുസരിച്ചു തന്നെ അതിന്റെ പ്രവർത്തനം കാര്യക്ഷമമാണെന്ന് പൂർണ്ണമായി സമ്മതിക്കാൻ നിർവ്വാഹമില്ല. ഗവൺമെന്റ് തലത്തിൽ കൊടുക്കേണ്ടുന്ന വിശദീകരണങ്ങളെ, അതുപോലെ പി. എസ്. സി. അഡൈസ് ചെയ്ത അഡൈസ്മെന്റോ കിട്ടിക്കഴിഞ്ഞ ഉദ്യോഗ നിയമങ്ങളെയൊക്കെ അനാവശ്യമായി നീട്ടികൊണ്ടുപോകുന്നതിനെക്കുറിച്ചൊക്കെ പി. എസ്സ്. സി. യുടെ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നുണ്ട്. അതുപ്പോലെ താൽക്കാലിക നിയമനങ്ങളെക്കുറിച്ച് പറയുമ്പോഴും പി. എസ്. സി യുടെ കൺകറൻസിനു വേണ്ടി അയയ്ക്കുന്നതിൽ ബന്ധപ്പെട്ട ഗവൺമെന്റ് ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്ന് കാലതാമസം വരുത്തുന്നുണ്ട്. ഉദ്യോഗനിയമനങ്ങളിൽ ഒരു സാമൂഹ്യനീതി ഉറപ്പുവരുത്തുക എന്നുളളതാണ് പി. എസ്. സി. യെ കൊണ്ട് ഉദ്ദേശിക്കുന്നത്. ആ സാമൂഹ്യനീതി ഉറപ്പു വരുത്തുന്നതിന് അനുയോജ്യമായ പ്രവർത്തനം പി. എസ്. സിയിൽ നിന്നുണ്ടാകേണ്ടിയിരിക്കുന്നു.

പി. എസ്. സി. യുടെ പ്രവർത്തനങ്ങളിൽ ഇവിടെ സൂചിപ്പിച്ചതുപോലെ വിജിലൻസ് വിംഗിന്റെ ശക്തമായ ഒരു വേദി അവിടെ ഉണ്ടാകണം. എങ്കിൽ മാത്രമേ ഇവിടെ ആരോപിക്കാൻ സാദ്ധ്യതയുള്ള ആക്ഷേപങ്ങളെക്കുറിച്ച് നടപടിയെടുക്കാനും അന്വേഷണം നടത്താനും നമുക്ക് സാധിക്കുകയുള്ളൂ, ഇരുപത്തിയഞ്ചു ലക്ഷം ഉദ്യോഗാർത്ഥികളുടെ മോഹങ്ങളും മോഹഭംഗങ്ങളും ഇന്ന് പട്ടത്തുള്ള പി. എസ്സ്. സി. ആഫീസിലെ ചാക്കിൽ കെട്ടിക്കിടക്കുകയാണ്. അവ ഓരോന്നോരോന്നായി പെറുക്കിയെടുത്ത് ഈ സമൂഹത്തിന്റെ നാളത്തെ വാഗ്ദാനങ്ങളായ യുവജനങ്ങൾക്ക്—ആ ഉദ്യോഗാർത്ഥികൾക്ക്—ജോലി നേടിക്കൊടുക്കുന്നതിനുള്ള അവസരം ഉണ്ടാക്കാൻ പി. എസ്. സി. വളരെ കാര്യക്ഷമമായി പ്രവർത്തിക്കണമെന്നു മാത്രമാണ് എനിക്കു പറയാനുള്ളത്. ഇന്ന് നിലനിലുള്ള പരീക്ഷാ സമ്പ്രദായങ്ങളേയും മറ്റു സംവിധാനങ്ങളേയും കുറിച്ചൊക്കെ മുമ്പ് പരാമർശിക്കപ്പെട്ടിരുന്നു. ശ്രീ. അച്യുതമേനോന്റെ ഭരണകാലത്ത് ഉണ്ടായിക്കപ്പെട്ട ഒരു നിർദ്ദേശം മിനിമം ക്വാളിഫിക്കേഷൻ അടിസ്ഥാനപ്പെടുത്തികൊണ്ട് ടെസ്റ്റ് നടത്തി പ്രയോറിറ്റി ലിസ്റ്റ് നിശ്ചയിക്കുകയെന്നുള്ളതാണ്. അങ്ങനെ മിനിമം ക്വാളിഫിക്കേഷൻ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള എസ്. എസ്. എൽ. സി. ആണെങ്കിൽ അത് മിനിമം ക്വാളിഫിക്കേഷൻ ആയി നിശ്ചയിക്കപ്പെട്ടിട്ടുള്ള എല്ലാ തസ്തികകളിലേക്കും ഒന്നിച്ചൊരു ടെസ്റ്റ് നടത്തി ആ റാങ്കു ലിസ്റ്റിൽ നിന്നും നിയമനം നടത്തിയാൽ ലോക്കൽ ബോഡീസിനായാലും, അതു

LIBRARY ARCHIVES Kerala Legislative Assembly

വേരിയസ് ഡിപ്പാർട്ടുമെൻറുകളിലായാലും അതാതു സമയങ്ങളിൽ കാല താമസം കൂടാതെ പ്രത്യേകമായി ടെസ്റ്റുകളോ ഇൻറർവ്യൂകളോ ഒന്നും കൂടാതെ ആ ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ സാധിക്കും. ഇത് കാല താമസം ഒഴിവാക്കാൻ സഹായിക്കുകയും ചെയ്യും. ഉദ്യോഗാർത്ഥികളെ സംബന്ധിച്ചിടത്തോളം അവർക്കും ഗുണകരമാണ്. ഒരു നിശ്ചിത കാലയ ളവിലേക്ക് നിശ്ചയിക്കപ്പെടുന്ന ഇതുപോലുള്ള ലിസ്റ്റുകൾ ഉണ്ടാകണം. അതിന് ആദ്യമായി സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തേണ്ടിയിരിക്കുന്നു.

സർ, മറ്റൊന്ന് അപേക്ഷകളുടെ ബാഹുല്യം പരിഗണിച്ച് അടുത്ത കാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപ്പോലെതന്നെ കമ്പ്യൂട്ട റൈസേഷൻ പി. എസ്. സി. യിൽ നടപ്പാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുക യാണ്. കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തുന്നതിൽ എതിർപ്പുള്ളവർ ഉണ്ടായിരിക്കാം. നാമമാത്രമായ ഒരു വിഭാഗം ആളുകൾക്ക് ജോലിയില്ലാതെ പോകുന്നുവെന്നുള്ളത് വാസ്തവമാണെങ്കിൽപ്പോലും പത്തിരുപത്തഞ്ചു ലക്ഷത്തോളം വരുന്ന ഉദ്യോഗാർത്ഥികളെ സംബന്ധിച്ചിടത്തോളം അവർക്ക് അതൊരു അനുഗ്രഹമാണ്. കമ്പ്യൂട്ടറൈസ് ചെയ്തുകൊണ്ട് അവർക്ക് വേഗം ജോലി ലഭ്യമാക്കിക്കൊടുക്കുകയെന്നുള്ളതാണ് ഗവൺമെൻറിന് എടുക്കാ വുന്ന ഏറ്റവും നല്ല തീരുമാനമെന്ന് ഞാൻ കരുതുന്നു. പോരായ്മകൾ സാമാന്യവൽക്കരിക്കുന്നത് ശരിയല്ല. അപേക്ഷകരുടെ ബാഹുല്യം ചില കാര്യങ്ങളിൽ മാത്രമാണ്. ചില പ്രത്യേക പോസ്റ്റുകൾക്ക് അപേക്ഷകൾ ക്ഷണിക്കുമ്പോൾ കൂടുതൽ അപേക്ഷകൾ ഉണ്ടാകുന്നു. അങ്ങനെ സമയാ സമയങ്ങളിൽ അത് വ്യത്യാസപ്പെടുന്നുണ്ട്. ഒരേ ഉദ്യോഗാർത്ഥി തന്നെ വിവിധ വകുപ്പുകളിലും വിവിധ ജില്ലകളിലേക്കും അപേക്ഷകൾ സമർപ്പി ക്കുന്നു. ഇങ്ങനെ വരുമ്പോൾ അത് പി. എസ്. സി. ഓഫീസിൽ കുന്നു കൂടുകയും അത് സ്ക്രൂട്ടിനി നടത്താൻ സാധിക്കാതെ കെട്ടി കിടക്കുന്ന ഒരവസ്ഥ വരുന്നു. ക്ഷണിക്കപ്പെടുന്ന തസ്തികകളിലേക്ക് റാങ്ക് ലിസ്റ്റിൽ ഉള്ളവരെ നിശ്ചയിക്കാൻ തന്നെ കാലതാമസം വരുന്നുവെന്നു ള്ളത് ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ ചൂണ്ടിക്കാണ്ടിച്ചു. അങ്ങനെ യുള്ള ഘട്ടങ്ങളിൽ അടിയന്തിരമായി നിയമനം നടത്താനുള്ള സംവിധാനം ഉണ്ടാകണം. അതിന് ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറിൻെറ ഭാഗത്തുനിന്നും അനാസ്ഥയുണ്ടാകാൻ പാടില്ല. നിയമനങ്ങൾ യഥാസമയം തന്നെ നടത്തണം.

സർ, മലബാർ മേഖലയെ സംബന്ധിച്ചിടത്തോളം ഒരു യാഥാർത്ഥ്യം ഈ സഭയുടെ മുമ്പിൽ വയ്ക്കുകയാണ്. പി. എസ്. സി. യുടെ പ്രവർത്ത നത്തെ ഞാൻ കുറ്റപ്പെടുത്തുകയില്ല. ജില്ലാടിസ്ഥാനത്തിലുള്ള നിയമനം നടക്കുമ്പോൾ മലബാർ മേഖലയ്ക്ക് ഒരു പ്രത്യേക വെയിറേജ് നൽകി കൊണ്ട് നിയമനം നടത്താനുള്ള ഒരു സംവിധാനമുണ്ടാകണം. ഞങ്ങളുടെ ഭാഗങ്ങളിൽ നിന്നും ഗുമസ്തനായിട്ടോ, ഒരു ലാസ്റ്റ് ഗ്രേഡ് ജീവനക്കാരനാ യിട്ടോ ഒരു തൂപ്പുക്കാരനായിട്ടോപോലും ആരും വരുന്നില്ല. മുഴുവനും തെക്കൻ ജില്ലകളിൽ നിന്നുള്ളവരാണ് ഇവിടെ വരുന്നത്. ഞാൻ പ്രാദേശിക മായിട്ട് സംസാരിക്കുകയില്ല. യഥാർത്ഥസ്ഥിതി ശ്രദ്ധയിൽപ്പെടുത്തി യതാണ്. അതുപോലെ തന്നെ റിസർവേഷൻെറ കാര്യത്തിൽ, കമ്മ്യൂണൽ റിസർവേഷൻ പാലിക്കുന്നുണ്ടെങ്കിൽപ്പോലും അത് പാലിക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്തുന്നതിനുള്ള സംവിധാനം പി. എസ്. സി. യെ സംബന്ധിച്ച് ആവശ്യമാണ്. കഴിഞ്ഞ കാലങ്ങളിൽ അത് ഉണ്ടായിട്ടില്ല. മുസ്ലീംങ്ങൾ ആയിട്ടുള്ള പിന്നോക്ക വിഭാഗക്കാർക്ക് കഴിഞ്ഞ കാലങ്ങളിൽ റിസർവേഷൻെറ കാര്യത്തിൽ ബാക്ക്ലോഗുണ്ട്. ആ ബാക്ക്ലോഗ് കോമ്പൻസേറ്റ് ചെയ്യുന്ന തിനുവേണ്ടിയുള്ള ഒരു സെലക്ഷൻ വ്യവസ്ഥ കൂടി ഉണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, പി. എസ്. സി. മെമ്പർമാരെക്കുറിച്ച് പറയുമ്പോഴും അവർക്ക് ഒരു മിനിമം ക്വാളിഫിക്കേഷൻ ഉണ്ടാകേണ്ടതാണ്. അവരുടെ സോഷ്യൽ സ്റ്റാറ്റസ് കൂടി പരിഗണിക്കേണ്ടതുണ്ട്. ഞാൻ ആരെയും ആക്ഷേപിക്കുകയില്ല. പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നു പറയുന്നത് ഒരു ഉന്നതമായ സ്ഥാപനമാണ്. ധാരാളം ഉദ്യോഗാർത്ഥികളെ അവിടെ ഇൻറർവ്യൂ ചെയ്യപ്പെടുകയും സെലക്ഷൻ കിട്ടി വരുകയും ചെയ്യുന്നുണ്ട്. അതുകൊണ്ട് പി. എസ്. സി മെമ്പർമാരായി വരുന്നവർ തീർച്ചയായും ഒരു മിനിമം ക്വാളിഫിക്കേഷൻ ഉള്ളവരും സമൂഹത്തിൽ അറിയപ്പെടുന്നവരും ആയിരിക്കണമെന്നുകൂടി ഞാൻ സൂചിപ്പിക്കുകയാണ്.

കമ്മ്യൂണൽ റിസർവേഷൻ പാലിക്കുന്ന കാര്യത്തെ സംബന്ധിച്ച് നേരത്തെ ശ്രീ. രാഘവൻ മാസ്റ്റർ ഇവിടെ സൂചിപ്പിച്ചു. മുസ്ലീംങ്ങളായ പിന്നോക്ക വിഭാഗക്കാർക്ക് അർഹതപ്പെട്ട സ്ഥാനങ്ങളിലേക്ക് നിയമനം ലഭിക്കുന്ന അവസരത്തിൽ ഒരു നിശ്ചിത യോഗ്യതയിൽ എന്തെങ്കിലും ഒരു തകരാറുണ്ടെങ്കിൽ ഉദാഹരണത്തിന് എസ്. എസ്. എൽ. സി. യും ട്രെയ്നിംഗുമാണ് യോഗ്യതയെന്നിരിക്കേ എസ്. എസ്. എൽ. സി. പാസായ ആളിന് ട്രെയിനിംഗ് കിട്ടാതെ അവസരം പോയിട്ടുണ്ടെങ്കിൽ സ്വാഭാവികമായും പി. എസ്. സി. യുടെ ഇന്നത്തെ നിയമം അനുസരിച്ച് റിസർവേഷൻ ആനുകൂല്യത്തിന് അർഹതപ്പെട്ട ആ ഉദ്യോഗാർത്ഥിക്ക് നിയമനം കൊടുക്കുമെന്നതാണ്. അങ്ങനെ കൊടുത്ത ചില കേസ്സുകളും നിർഭാഗ്യവശാൽ കഴിഞ്ഞ തവണ ഹൈക്കോടതിയിൽ പോയ്യം ചെയ്യുകയുണ്ടായി. അതിനോടനുബന്ധിച്ച് ഹൈകോടതി നടത്തിയ പരാമർശത്തിൽ പി. എസ്. സി. ഒരിക്കലും അതുപോലെ നിയമനം നടത്തരുത് എന്നും എക്സംഷൻ കൊടുക്കണമെങ്കിൽ ഗവൺമെൻറ് ഇതിനു റൂൾസ് ഉണ്ടാക്കിയാൽ മാത്രമേ പി. എസ്. സി. ക്ക് ചെയ്യാൻ പാടുള്ളൂ എന്നും, ഹൈക്കോടതി വിലക്കിയിട്ടുണ്ട്. അതുകൊണ്ട് ഈ കാര്യത്തിൽ ഗവൺമെൻറ് ശ്രദ്ധിക്കണമെന്നുകൂടി അഭ്യർത്ഥിച്ചു കൊണ്ട് എൻറെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : സർ, പബ്ലിക് സർവ്വീസ് കമ്മീഷൻ കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം വലിയ പ്രതീക്ഷയുള്ള ഒരു സ്ഥാപനമാണ്. തെഴിലില്ലാത്ത ചെറുപ്പക്കാർ തൊഴിലെടുക്കാൻ പ്രായമാകുന്നതുമുതൽ ആകെയൊരു ആശ്രയമായി പി. എസ്. സിയെ കാണുന്നത് ഒന്നു രണ്ടു വർഷം കഴിഞ്ഞിട്ടാണെങ്കിലും ഒരു ജോലി കിട്ടും എന്നുള്ള കാര്യത്തിൽ ഉറപ്പുണ്ട് എന്നതിൻറെ അടിസ്ഥാനത്തിലാണ്. ഈയിടെയായി അവിടെയുണ്ടാകുന്ന അനുഭവം അപേക്ഷകരെ കൊടുത്തു ടെസ്റ്റ് എഴുതി വർഷങ്ങളും കഴിഞ്ഞാലും റാങ്ക് ലിസ്റ്റ് വരുന്നില്ല എന്നുള്ള ഒരു സ്ഥിതിയാണ്; റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ ആ റാങ്ക് ലിസ്റ്റിൽപ്പെടുന്ന ആളുകളെ നിയമിക്കപ്പെടും എന്നുള്ളതിനു യാതൊരു ഉറപ്പുമില്ല. റാങ്ക്ലിസ്റ്റിൽ നിന്നും ഒരാളിനെപ്പോലും നിയമിക്കാതെ ആരെയെങ്കിലും നിയമിക്കപ്പെടുന്നതിനു മുമ്പുതന്നെ റാങ്ക്ലിസ്റ്റ് റദ്ദാക്കപ്പെടുകയോ സ്റ്റേ റദ്ദായിപ്പോവുകയോ ചെയ്യുകയും വീണ്ടും അപേക്ഷകൾ ക്ഷണിക്കുകയും പരീക്ഷ എഴുതുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷമുണ്ടാകുന്നു. വർഷങ്ങൾക്കുശേഷം കാത്തിരുന്ന് പരീക്ഷയെഴുതി റാങ്ക് ലിസ്റ്റ് ഉണ്ടാക്കിയാൽ ആ റാങ്ക്ലിസ്റ്റിൻറെ കാലാവധി തീരുന്നതിനുമുമ്പ് എന്തുകൊണ്ട് അവരെ നിയമിച്ചു കൂടാ എന്ന് ഞാൻ ചോദിക്കുകയാണ്. ഇടയ്ക്കിടക്ക് റാങ്ക് ലിസ്റ്റ് റദ്ദാക്കി രണ്ടാമത് വീണ്ടും അപേക്ഷ ക്ഷണിച്ച് പരീക്ഷയെഴുതുന്നതുമൂലം റാങ്ക്ലിസ്റ്റിൽ ഒരിക്കലെങ്കിലും പെട്ടവർക്ക് എഴുതാൻ കഴിയാതെ

LIBRARY ARCHIVES Kerala Legislative Assembly

വരികയോ ചാൻസ് കിട്ടാതെ വരികയോ ചെയ്യുന്നത് അവന്റെ ജീവിതത്തിൽ കിട്ടിയ ചാൻസ് നഷ്ടപ്പെടുന്ന ഒരു അവസ്ഥയാണ്. അതുകൊണ്ട് എനിക്കൊരു നിർദ്ദേശമുള്ളത് ഒരിക്കൽ പ്രസിദ്ധീകരിച്ച റാങ്ക്ലിസ്റ്റ് തീരുന്നതുവരെ ആ റാങ്ക്ലിസ്റ്റിൽ നിന്നും നിയമനം നടത്തിയിട്ട് മാത്രമേ പുതിയ റാങ്ക്ലിസ്റ്റിനുവേണ്ടി പരീക്ഷ നടത്താവൂ. നമ്മുടെ കമ്മീഷന്റെ ജോലിഭാരം വളരെക്കൂടുതലാണ്. ഇത്രയധികം ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്ന ജോലിഭാരമുള്ള വേറെ ഒരു കമ്മീഷനും കാണുകയില്ല. സെൻട്രൽ ഗവൺമെന്റിന്റെ കമ്മീഷനായാലും മറ്റ് സംസ്ഥാന ഗവൺമെന്റിന്റെ കമ്മീഷനായാലും ചുരുങ്ങിയ ആളുകളെ മാത്രമെ സെലക്ട് ചെയ്യുന്നുള്ളൂ. പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനവും കൂടുതൽ കൂടുതലായി കമ്മീഷനെ ഏൽപ്പിച്ചു കൊണ്ടിരിക്കുകയാണ്. ശ്ലാഘനീയമായ ഒരു ബാദ്ധ്യതയാണ് അവർ എടുക്കുന്നത്. അവരുടെ അദ്ധ്വാനം വളരെക്കൂടുതലാണെന്ന കാര്യത്തിൽ തർക്കമില്ല. റാങ്ക്ലിസ്റ്റുകളെ സംബന്ധിച്ചിടത്തോളം സംശയങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുള്ള ബാദ്ധ്യത കമ്മീഷൻ എടുക്കണം. ഈയിടെ കമ്മീഷനെപ്പറ്റിയുണ്ടായ ചില പരാതികൾ പത്രങ്ങളിൽ നിന്നും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടുകാണുമെന്ന് ഞാൻ വിചാരിക്കുകയാണ്. കമ്മീഷൻ അംഗങ്ങളുടേയും ശ്രദ്ധയിൽ അത് പെട്ടുകാണും. അങ്ങനെ വന്ന ചില റിപ്പോർട്ടുകളെങ്കിലും കമ്മീഷന്റെ ആത്മാർത്ഥതയെപ്പറ്റി, സത്യസന്ധതയെപ്പറ്റി നിഷ്പക്ഷതയെപ്പറ്റി ജനങ്ങൾക്കുള്ള സംശയങ്ങൾ, ഉറപ്പിക്കാൻ ഉതകുന്ന വിധത്തിൽ മോശമായിട്ടുള്ള റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. അത്തരം ഒരു അവസ്ഥയുണ്ടായി വന്നാൽ ജനങ്ങൾക്ക് ഇതിനകത്തുള്ള വിശ്വാസം നഷ്ടപ്പെട്ടുപോകും. പി. എസ്. സി.യെപ്പോലുള്ള ഒരു സ്ഥാപനത്തിന്റെ വിശ്വാസം നഷ്ടപ്പെടാൻ ഉതകുന്ന വിധത്തിൽ ഇത്തരത്തിലുള്ള വ്യാപകമായ ഒരു പ്രചരണം ഉണ്ടാകാനും പാടില്ല. അവാസ്തവങ്ങൾ എഴുതിക്കൂട്ടുന്നതും അനുവദിക്കാൻ പാടില്ല. എന്നാൽ അതിനകത്തു ചൂണ്ടിക്കാണിച്ച പോലുള്ള സംഭവങ്ങൾ ഉണ്ടെങ്കിൽ അതിനെ കർശനമായി തടയുന്നതിനുള്ള നടപടികൾ എടുക്കാനും ഗവൺമെന്റും കമ്മീഷനും തയ്യാറാകണം.

സർ, ഇവിടെ റഗുലറൈസേഷൻ എന്നൊരു ഏർപ്പാടുണ്ട്. ടെമ്പററിയായിട്ട് ആളെ വയ്ക്കാനും ആറുമാസത്തിനുള്ളിൽ പുതിയ ലിസ്റ്റുണ്ടാക്കാനും പറഞ്ഞിട്ടുണ്ട്. അങ്ങനെ വയ്ക്കുന്ന ആളുകളെ വർഷങ്ങൾ കഴിഞ്ഞാലും റെഗുലറൈസ് ചെയ്യാതെയിരിക്കുന്നു. പുതിയതായി ഗവൺമെന്റു നിർദ്ദേശിക്കുന്ന കോർപ്പറേഷനും അതോറിട്ടിപോലുള്ള സ്ഥാപനങ്ങളും ഒക്കെ ആയിരക്കണക്കിന് ആളുകളെ ഈ രീതിയിൽ നിയമിക്കുന്നു. പി. എസ്. സി. നിർദ്ദേശിക്കുന്ന ആളുകളെപ്പോലും ഇങ്ങനെ നിയമിക്കാതെ സ്വന്തമായി നിയമിക്കുകയാണ് ഈ കോർപ്പറേഷനുകളും മറ്റും ചെയ്യുന്നത്. കുറെ കഴിയുമ്പോൾ അവരെ റഗുലറൈസ് ചെയ്യാനുള്ള സമ്മർദ്ദം വരുന്നു. പി. എസ്. സി. അതിന് സാങ്കേതിക തടസ്സം ഉന്നയിച്ചിട്ടും ഗവൺമെന്റു നിരാകരിച്ചത് ഈ റിപ്പോർട്ടിനകത്തു പറഞ്ഞിട്ടുണ്ട്. ഇപ്പോഴും ഇങ്ങനെ നിയമിക്കുന്ന ആളുകളൊക്കെ കുറെനാളത്തെ എഴുത്തുകുത്തിനുശേഷം ഗവൺമെന്റിന്റെ സമ്മർദ്ദവും സ്വാധീനവും ഉപയോഗിച്ച് റഗുലറൈസ് ചെയ്തു എടുക്കുന്നത്. പി. എസ്. സി. പാലിച്ചുപോരുന്ന സാമുദായിക സംവരണത്തിനും സാമൂഹ്യ നീതിക്കും കോട്ടം തട്ടുന്ന ഒന്നാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ജോലി ഭാരം കുറയ്ക്കുന്നതിന് ഒന്നു രണ്ടു നിർദ്ദേശങ്ങൾകൂടി വയ്ക്കാനുണ്ട്. ഒരേ സ്ഥാപനങ്ങളിൽ രണ്ടുനാലു ആളുകളെ സെലക്ട് ചെയ്യണമെങ്കിൽ അതിനെല്ലാം വീണ്ടും അപേക്ഷകൾ ക്ഷണിക്കുകയും അതിന്.

LIBRARY ARCHIVES Kerala Legislative Assembly

ടെസ്റ്റ് നടത്തുകയും പ്രത്യേകം പ്രത്യേകം ലിസ്റ്റുണ്ടാക്കുകയും ചെയ്യുന്നുണ്ട്. ഒരേ സ്വഭാവമുള്ള ജോലിക്ക് പൊതുവായ ഒരു പരീക്ഷ നടത്തി പൊതുവായ ഒരു ലിസ്റ്റുണ്ടാക്കി ഇത്തരം സ്ഥാപനങ്ങളിൽ ആ പൊതു ലിസ്റ്റിൽനിന്നും ആളെ നിയമിച്ചാൽ അതൊരു ബുദ്ധിമുട്ടുള്ള കാര്യമായിരിക്കുകയില്ല. പി. എസ്. സി.യുടെ ജോലിഭാരം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. വർദ്ധിക്കാതെ നിവർത്തിയില്ല. അപ്പോൾ സ്റ്റാഫിന് കൂടുതൽ കൂടുതൽ ജോലിതെടുക്കേണ്ടി വരും. അങ്ങനെ അവർ ജോലി കൂടുതൽ എടുക്കുമ്പോൾ അവർക്ക് ആവശ്യമായ സ്റ്റാഫിനെ നൽകാനുള്ള ബാദ്ധ്യത കൂടി ഗവൺമെൻറ് എടുക്കേണ്ടതുണ്ട്, എന്നാൽ മാത്രമേ സമർത്ഥമായി ഫലപ്രദമായി ഈ പരീക്ഷയും ടെസ്റ്റും നടത്താൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് P.S. C.യ്ക്ക് ആവശ്യമായ സ്റ്റാഫിനെ അനുവദിക്കുന്നതിന് ഗവൺമെൻറ് തയ്യാറാകണമെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. തോമസ് കല്ലംപള്ളി : സർ, നമ്മുടെ സംസ്ഥാനത്ത് ഭരണഘടനാപരമായി കഴിഞ്ഞ 30 വർഷമായി പ്രവർത്തിക്കുന്ന പി.എസ്. സി. ചെറുപ്പക്കാരുടെ പ്രതീക്ഷകളുടെ ഒരു കേന്ദ്രമായിരുന്നു. ഇന്ന് അത് ചെറുപ്പക്കാരുടെ പ്രതീക്ഷകളുടെ ശവപ്പറമ്പായി മാറിയിരിക്കുകയാണ്. കാരണം പത്തുലക്ഷം അപേക്ഷകരാണ് പി. എസ്. സി.യിലുള്ളത്. ഒരു വർഷം അങ്ങേയറ്റം നടക്കുന്ന നിയമനങ്ങൾ 25,000 ആണ്. കഴിഞ്ഞ വർഷം അത് 20,000 ആയി കുറഞ്ഞു. 1700 തസ്തികകളിലേക്കുള്ള പി. എസ്.സി. റാങ്ക് ലിസ്റ്റ് ഇപ്പോൾ നില നിൽക്കുന്നുണ്ട്. അതിൽനിന്ന് നിയമനങ്ങൾ ഒന്നും നടക്കുന്നില്ല. ലക്ഷക്കണക്കിന് ആളുകൾ പണം ചെലവഴിച്ച് അപേക്ഷാഫാറങ്ങൾ വാങ്ങി ബുദ്ധിമുട്ടി ടെസ്റ്റ് എഴുതുകയും അതിനുശേഷം ഇൻറർവ്യൂവിന് റാങ്ക്ലിസ്റ്റിൽ ഉണ്ടാവുകയും ചെയ്തിട്ട് ഒരു ആളിനെപ്പോലും നിയമിക്കാതിരിക്കുന്ന ഗവൺമെൻറിൻെറ നിലപാട് ശരിയല്ല. ഇപ്പോൾ പത്തോ നൂറോ ടൈപ്പിസ്റ്റ് തസ്തികയ്ക്ക് വേണ്ടി നാലു ലക്ഷം ഉദ്യോഗാർത്ഥികളാണ് അപേക്ഷിച്ചിരിക്കുന്നത്. അവർ ടെസ്റ്റും ഇൻറർവ്യൂവും പാസ്സായി വരുമ്പോൾ ടൈപ്പിസ്റ്റിനെ വേണ്ടെന്നു ഗവൺമെൻറ് പായുകയാണെങ്കിൽ അത് ശരിയായ നടപടിയായിരിക്കുകയില്ല. നമ്മുടെ പി.എസ്.സി.യിൽ പരീക്ഷകൾ ഫലപ്രദമായി നടക്കണമെന്നുണ്ടെങ്കിൽ പരീക്ഷകൾ പൂർണ്ണമായും അവരുടെ നിയന്ത്രണത്തിലാക്കണമെന്നേ പറയാൻ കഴിയൂ. വാസ്തവത്തിൽ നമ്മുടെ ജുഡിഷ്യറി പോലെ വളരെ സ്വതന്ത്രമായി പ്രവർത്തിക്കുവാൻ കഴിയുന്ന ഒരു ബോഡിയായി നിലനിർത്തേണ്ട പി. എസ്. സി.ക്ക് ഒരു പരീക്ഷ നടത്തണമെങ്കിൽ അതിന് ചോദ്യക്കടലാസ് അച്ചടിയ്ക്കുന്നത് ഗവൺമെൻറ് പ്രസ്സിലാണ്. അവിടെ നിന്ന് ചോദ്യക്കടലാസ് ചോർന്നുപോകാൻ വളരെയേറെ സാദ്ധ്യതകളുണ്ട്. പരീക്ഷയ്ക്കുള്ള സെൻററുകൾ മിക്കവാറും നമ്മുടെ പ്രൈവറ്റ് സ്കൂളുകളാണ്. അവിടെയുള്ള അദ്ധ്യാപകരാണ് അതിൻെറ മേൽനോട്ടം വഹിക്കുന്നത്. അവിടെ നിന്നും ചോദ്യക്കടലാസ് ചോർന്നു പോകാനുള്ള സാദ്ധ്യതയുണ്ട്. ബി. ഡി. ഒ.യുടെയും എൽ. ഡി. ക്ലാർക്കിൻെറയും ടെസ്റ്റിനുള്ള ചോദ്യക്കടലാസുകൾ കഴിഞ്ഞ പ്രാവശ്യം ചോർന്നുപോയി. ചില ജില്ലകളിൽ ആ പരീക്ഷകൾ ക്യാൻസലാക്കുകയും ചെയ്തു. ഈ അവസ്ഥ മാറണമെങ്കിൽ പി. എസ്. സി. യ്ക്കുതന്നെ ചോദ്യം ഉണ്ടാക്കുവാനും ചോദ്യക്കടലാസുകൾ ഉണ്ടാക്കുവാനും അവർ തന്നെ ടെസ്റ്റ് നടത്താനുമുള്ള ഒരു സംവിധാനം ഉണ്ടാകണം. പത്തു ലക്ഷം അപേക്ഷകൾ കെട്ടിക്കിടക്കുന്ന പി. എസ്. സി. യിൽ 991 സ്റ്റാഫിനെ വച്ചാണ് ഈ പത്തു ലക്ഷം അപേക്ഷകളും സ്ക്രൂട്ടിനി നടത്തുന്നത്. ഈ 991 സ്റ്റാഫ് അവിടെ തീരെ

LIBRARY ARCHIVES Kerala Legislative Assembly

അപര്യാപ്തമാണെന്നുള്ളത് ആർക്കും മനസ്സിലാകും. അതുകൊണ്ട് പി. എസ്. സി. യുടെ സ്ട്രെങ്ത് വർദ്ധിപ്പിക്കണം. പി. എസ്. സി. യിലേക്ക് ജീവനക്കാരെ എടുക്കുമ്പോഴാണെങ്കിലും അംഗങ്ങളെ എടുക്കുമ്പോഴാണെങ്കിലും അവരുടെ പേരിൽ കർശനമായ വിജിലൻസ് എൻക്വയറി നടത്തി, അവർ അഴിമതിക്ക് അതീതരാണെന്ന് ബോദ്ധ്യമുണ്ടെങ്കിൽ മാത്രമേ നിയമിക്കാവൂ. അക്കാര്യത്തിന് ഗവൺമെന്റ് ശുഷ്ക്കാന്തി കാണിക്കണം. എന്തിനാണ് പി. എസ്. സി. ടെസ്റ്റ് നടത്തുന്നത്? എം. ബി. ബി. എസ് പാസ്സായ ഡോക്ടർമാരെ പി. എസ്. സി. ക്കാർ ടെസ്റ്റു നടത്തി എന്തു മനസ്സിലാക്കാനാണ്? എം. ബി. ബി. എസ്സിൽ റാങ്ക് വാങ്ങിച്ചവരെ ഒന്നാമതായി വിളിച്ച് ഇൻറർവ്യൂ നടത്താനുള്ള സംവിധാനം ഉണ്ടാക്കുകയാണ് വേണ്ടത്. അല്ലാതെ ടെസ്റ്റിന്റെ പേരിൽ വ്യാപകമായി ഉദ്യോഗാർത്ഥികളെ ബുദ്ധിമുട്ടിക്കുകയും അവരെ ഡബീം ടെസ്റ്റിന് വിധേയരാക്കുകയും ചെയ്യുന്ന നടപടിക്രമം മാറേണ്ടതാണ്. യൂണിവേഴ്സിറ്റികളിൽ നിന്ന് തരുന്ന ഡിഗ്രി ലോകമെമ്പാടും അംഗീകരിക്കുന്ന ഡിഗ്രിയാണ്. അതിൽ ഒന്നാം റാങ്ക് വാങ്ങിക്കുന്നവരെ അല്ലെങ്കിൽ ഒന്നാം ക്ലാസ് വാങ്ങിക്കുന്നവരെ മാത്രം വിളിച്ച് ഇൻറർവ്യൂ നടത്തുന്ന ഒരു സ്ഥിതി വിശേഷം ഉണ്ടാവുകയാണെങ്കിൽ നൂറു ടൈപ്പിസ്റ്റിന് വേണ്ടി നാലു ലക്ഷം അപേക്ഷകരിൽ നിന്ന് പത്തു രൂപാ വീതം മേടിച്ച് അവരെ വെള്ളത്തിലാക്കുന്ന നടപടി മാറുകയും ചെയ്യും. അക്കാഡമിക് കപ്പാളിഫിക്കേഷനുള്ള കഴിവുള്ള ആളുകളെ നമ്മുടെ ഡിപ്പാർട്ടുമെൻറുകളിലും സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും കടന്നു വരികയും ചെയ്യും. എസ്. എസ്. എൽ. സി. ആയാലും ഡിഗ്രി ആയാലും എം. ബി. ബി. എസ് ആയാലും എൻജിനീയറിംഗ് ആയാലും യൂണിവേഴ്സിറ്റി ഡിഗ്രികൾ വഴി അക്കാഡമിക് നിലവാരം കാണിച്ചിട്ടുള്ള ആളുകളെ വീണ്ടും ഒരു പരീക്ഷയ്ക്ക് വിധേയരാക്കുന്നത് അർത്ഥശൂന്യമായ നടപടിയാണ്. ഒരു ഡബീം ടെസ്റ്റ് ആണെന്നുള്ള നിലയിൽ പി. എസ്. സി. ടെസ്റ്റ് എന്നു പറയുന്ന നടപടിക്രമം തന്നെ നിർത്തലാക്കുവാൻ ആലോചിക്കണം. പി. എസ്. സി. യിൽ എത്രയും വേഗം കമ്പ്യൂട്ടർ കൂടി ഏർപ്പെടുത്താനുള്ള നടപടികളെടുക്കണമെന്നു കൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എ. വി. താമരാക്ഷൻ : സർ, ഈ സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മിഷന്റെ പരീക്ഷ, തെരഞ്ഞെടുപ്പ്, റാങ്ക് ലിസ്റ്റ് തയ്യാറാക്കൽ, നിയമനം എങ്ങിവയെ സംബന്ധിച്ച് ഒട്ടേറെ പരാതികളും ഈ അടുത്ത കാലത്ത് ഉയർന്നു വന്നിരിക്കുന്നു. ഇത് പബ്ലിക് സർവ്വീസ് കമ്മിഷന്റെ വിശ്വാസം തന്നെ പൂർണ്ണമായി നഷ്ടപ്പെടുത്തിയിരിക്കയാണ്. ഭരണഘടനാപരമായി പ്രവർത്തിക്കുന്ന സ്വതന്ത്ര സ്ഥാപനമാണ് പബ്ലിക് സർവ്വീസ് കമ്മിഷൻ. ഉന്നത നിലവാരത്തിൽ മാന്യതയും അന്തസ്സും ഉണ്ടാക്കേണ്ട സർക്കാർ സ്ഥാപനമാണ് പബ്ലിക് സർവ്വീസ് കമ്മിഷൻ. എന്നാൽ കേരളത്തിലെ പി. എസ്. സി. ക്ക് ഉണ്ടായതുപോലെയുള്ള ദുർഗതി ഇൻഡ്യയിലെ ഒരു സ്ഥാപനത്തിനും ഉണ്ടായിട്ടില്ല. ജുഡീഷറിയെപ്പോലും സ്വാധീനിക്കുവാൻ ശ്രമിക്കുന്ന ഭരണാധികാരികളുള്ള ഈ സംസ്ഥാനത്തെ പി. എസ്. സി. ക്ക് ഈ ദുർഗതി ഉണ്ടായാൽ അതിനെ ആക്ഷേപിച്ചിട്ട് കാര്യമില്ല. ഇന്ന് നമ്മുടെ പബ്ലിക് സർവ്വീസ് കമ്മിഷനെ സംബന്ധിച്ച് വിശ്വാസം പൂർണ്ണമായി തകർന്നിരിക്കുകയാണ്. ഈ അവസരത്തിൽ സംസ്ഥാന ഗവൺമെൻറ് പബ്ലിക് സർവ്വീസ് കമ്മിഷന്റെ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുവാനുള്ള നടപടികളും അടിയന്തിരമായി സ്വീകരിക്കണം. 1980 നവംബർ മാസത്തിൽ അഞ്ചു ജില്ലകളിലായി L.D.C. മാരുടെ ടെസ്റ്റു നടന്നു. ആ ചോദ്യക്കടലാസ് വെളിയിൽ വന്നു. ഇടുക്കി

LIBRARY ARCHIVES Kerala Legislative Assembly

ജില്ലയിൽ മാത്രം അത് റദ്ദു ചെയ്തു. എന്നാൽ ആ ജില്ലയിലുള്ള പോദ്യക്കടലാസുതന്നെ ആലപ്പുഴയിലും പത്തനംതിട്ടയിലും ഉപയോഗപ്പെടുത്തി. ആ പോദ്യക്കടലാസ് രണ്ടായിരം രൂപയ്ക്ക് വാങ്ങി പഠിച്ച കുട്ടികളും ഒന്നാം റാങ്കിൽ വന്നിരിക്കുന്നു. ആ റാങ്ക് ലിസ്റ്റ് റദ്ദു ചെയ്യാൻ ഗവൺമെൻറ് തയ്യാറായിട്ടില്ല. ഇപ്പോഴും നമ്മുടെ സംസ്ഥാനത്ത് തൊഴിലില്ലായ്മ വളരെ രൂക്ഷമായതുകൊണ്ട് കുറഞ്ഞ പോസ്റ്റുകളുംക്കുപോലും ലക്ഷക്കണക്കിന് കുട്ടികളാണ് പരീക്ഷയിൽ പങ്കെടുക്കുന്നത്. അപേക്ഷ കൊടുത്തു കഴിഞ്ഞാൽ രണ്ടു കൊല്ലം കഴിയുമ്പോഴും ടെസ്റ്റ് നടത്തും, അതുകഴിഞ്ഞ് ആറു മാസം കഴിയുമ്പോഴും റാങ്ക് ലിസ്റ്റ് വരും. എന്നാൽ നിയമനം ഉണ്ടെങ്കിൽപ്പോലും ഗവൺമെൻറ് അത് നടത്തുന്നില്ല. ഇപ്പോഴത്തന്നെ സംസ്ഥാന ഗവൺമെൻറിന്റെ വിവിധ വകുപ്പുകളിൽ എത്രയോ വേക്കൻസികളും കിടക്കുന്നുണ്ട്. നൂറു കണക്കിന് റാങ്ക് ലിസ്റ്റുകളും പ്രസിദ്ധീകരിച്ചിട്ട് ആരെയും നിയമിക്കാതെ ഗവൺമെൻറ് പുറം വാതിലിലൂടെ ആളുകളെ നിയമിക്കുകയാണ് ചെയ്യുന്നത്. ഇതുകൊണ്ടുതന്നെ പബ്ലിക് സർവ്വീസ് കമ്മിഷൻ വഴിയുള്ള നിയമനങ്ങളിൽ ഉദ്യോഗാർത്ഥികളുംക്കും, ജനങ്ങളുംക്കുമുള്ള വിശ്വാസം തകർത്തിരിക്കുകയാണ്. ഭരണഘടനാപരമായി ഉന്നതമായ നീതിപീഠങ്ങളിൽ വിശ്വാസമർപ്പിക്കേണ്ട സ്ഥാപനം എന്ന നിലയിൽ അടിയന്തിരമായി ഗവൺമെൻറ് അതിൽ വിശ്വാസമാർജ്ജിക്കുവാൻ വേണ്ട നടപടികളും സ്വീകരിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഇരുപത്തിയേഴ് ലക്ഷത്തോളം അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത ആളുകളുള്ള സംസ്ഥാനമാണ് നമ്മുടെ കേരളം. ഈ ഗവൺമെൻറ് അധികാരത്തിൽ വരുമ്പോഴും പത്തൊൻപതു ലക്ഷം ആളുകളായിരുന്നു തൊഴിലില്ലാത്തവർ. ഇന്ന് തൊഴിലില്ലാത്തവരുടെ എണ്ണം 8 ലക്ഷം കൂടുതലായി വർദ്ധിച്ചിരിക്കുകയാണ്. 'ഒരു വീട്ടിൽ ഒരാൾക്കെങ്കിലും ജോലി' എന്നുള്ളതായിരുന്നു മുദ്രാവാക്യം. ഇപ്പോൾ ആ മുദ്രാവാക്യം, 'പട്ടികജാതിയിൽപ്പെട്ടവരുടെ വീട്ടിൽ ആർക്കെങ്കിലും ഒരാൾക്ക് ജോലി' എന്നാക്കി കോൺഗ്രസ് തിരുത്തിയിരിക്കയാണ്. ഇപ്പോൾ ഒരു വീട്ടിൽ ഒരാൾക്കെങ്കിലും ജോലി എന്നതു മാറി 'ഒരു വീട്ടിൽ ഒരാൾക്കെങ്കിലും അടി' എന്ന നയമാണ് ഈ ഗവൺമെൻറ് ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കേരളത്തിൽ തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ ആശാകേന്ദ്രമായിരുന്നു പബ്ലിക് സർവ്വീസ് കമ്മിഷൻ. ആ പബ്ലിക് സർവ്വീസ് കമ്മിഷനെക്കുറിച്ച് ഇപ്പോൾ കേട്ടുകൊണ്ടിരിക്കുന്ന റിപ്പോർട്ടുകൾ ആ കമ്മിഷനെക്കുറിച്ചുള്ള പ്രതീക്ഷകളാകെ തകർത്തിരിക്കുകയാണ്. അതാണ് നിയമസഭയുടെ ഗൗരവപൂർവ്വം പരിശോധിക്കേണ്ട പ്രശ്നം. ഈയടുത്ത കാലത്ത് 'മാതൃഭൂമി' പത്രത്തിൽ പതിനൊന്നു ലേഖനങ്ങളിൽക്കൂടി പി.എസ്.സി. യുടെ പ്രവർത്തനത്തെക്കുറിച്ച് വന്ന കാര്യങ്ങൾ ഈ ഗവൺമെൻറ് ഗൗരവത്തിൽ എടുത്തിട്ടുണ്ടോ എന്നെനിക്കറിയില്ല. പി.എസ്.സി. യുടെ വിശ്വാസം നഷ്ടപ്പെടത്തക്കരീതിയിലാണ് പബ്ലിക് സർവ്വീസ് കമ്മിഷനിൽ മെമ്പർമാരെ എടുത്തുകൊണ്ടിരിക്കുന്നത്. ഇന്ന് പി.എസ്.സി. യിൽ പതിനഞ്ചു മെമ്പർമാരായി കഴിഞ്ഞു. ഓരോ പബ്ലിക് സർവ്വീസ് കമ്മിഷൻ മെമ്പർമാരുടെയും യോഗ്യതകളെക്കുറിച്ച് 'മാതൃഭൂമി' പത്രത്തിലെഴുതിയത് സമയക്കുറവുകൊണ്ട് വിശദീകരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഒരു മെമ്പറെക്കുറിച്ച് ആ പത്രത്തിലെഴുതിയത്; സംക്കൂട്ടറിൽ സഞ്ചരിച്ചിരുന്ന ഒരു അദ്ധ്യാപകൻ ഒരു സുപ്രഭാതത്തിൽ പി.എസ്.സി. യിൽ അംഗമായി. അദ്ദേഹത്തിന്റെ ഊണുമേശയ്ക്കുപോലും ഒരു ലക്ഷം രൂപ വിലവരും. ഒരു പി.എസ്.സി. മെമ്പറുടെ യോഗ്യതയാണ് അത്, മറെറാരു പി.എസ്.സി. മെമ്പറെക്കുറിച്ച് എഴുതുകയാണ്, ആ പി.എസ്.സി. മെമ്പർക്ക് കിട്ടിയ നോട്ടുകെട്ടുകൾ വയ്ക്കാൻ ഒരു കപ്പൽപോലും തികയുകയില്ലെന്നാണ്.. ഇപ്പോഴത്തെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു പി.എസ്.സി. അംഗം റിട്ടയർ ചെയ്ത ഒരു അംഗത്തിന്റെ ഏജന്റായി പ്രവർത്തിച്ചിരുന്ന കാര്യം കുമാരപുരം ജംഗ്ഷനിൽ അങ്ങാടിപ്പാട്ടാണ്. പി.എസ്.സി. മെമ്പർമാരുടെ യോഗ്യതകൊം ഇങ്ങനെയായാൽ നമ്മുടെ സംസ്ഥാനത്തെ പി.എസ്.സി. യെക്കുറിച്ച് ജനങ്ങൾക്ക് എങ്ങനെ മതിപ്പുണ്ടാകും? പി.എസ്.സി. യിൽ അടിമുടി അഴിമതിയാണെന്നുള്ള സ്ഥിതി വന്നുചേർന്നിരിക്കുകയാണ്. ഇത് മാറ്റയെടുക്കണം. പി.എസ്.സി.' ആകെ മോശമാണെന്നും അതുകൊണ്ട് പി.എസ്.സി. യെ വേണ്ടെന്നുമുള്ള വാഗതിയും ചില ആളുകൊം ഉയർത്തിക്കൊണ്ടു വരുന്നുണ്ട്. അത് തെറ്റാണ്, പി.എസ്.സി. ക്ക് സംഭവിച്ചിരിക്കുന്ന അപമതിപ്പ് ഇല്ലാതാക്കാൻ വേണ്ടിയാണ് നിയമസഭ ഇടപെടേണ്ടത്. ഇവിടെ പബ്ലിക് സർവ്വീസ് കമ്മിഷൻ അടുത്ത കാലത്തായി നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്താൻ സമയമില്ലാത്തതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. കഴിഞ്ഞ നാലു വർഷത്തിനിടയിൽ 18,500 പേർക്കാണ് പബ്ലിക് സർവ്വീസ് കമ്മിഷൻ മുഖേന നിയമനം ലഭിച്ചിട്ടുള്ളത്. ഒരു വർഷം ശരാശരി 2875 പേർക്കാണ് നിയമനം കിട്ടിയത്. ഇങ്ങനെ വന്നാൽ ഇന്ന് കേരളത്തിലെ തൊഴിലില്ലാത്തവർക്കും പബ്ലിക് സർവ്വീസ് കമ്മിഷന്റെ റാങ്ക് ലിസ്റ്റിൽ പേരുള്ളവർക്കും ജോലി കിട്ടാൻ എത്ര കൊല്ലക്കാലം കാത്തു കിടക്കേണ്ടി വരുമെന്നാണ് ലക്ഷക്കണക്കിന് തൊഴിലില്ലാത്ത ചെറുപ്പക്കാർ ചോദിക്കുന്നത്. 41 പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം ഇനിയും പബ്ലിക് സർവ്വീസ് കമ്മിഷന് വിട്ടുകൊടുത്തിട്ടില്ല. പബ്ലിക് സർവ്വീസ് കമ്മിഷൻ എന്നു പറയുന്നത്, അപേക്ഷ ക്ഷണിക്കുക, ടെസ്റ്റ് നടത്തുക, ഇൻറർവ്യൂ നടത്തുക, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുക—ഇവയൊക്കെയാണ് ചെയ്യുന്നത്, ഇങ്ങനെയുള്ള എല്ലാ കടമ്പകളും കടന്ന് റാങ്ക് ലിസ്റ്റിൽ സ്ഥാനം പിടിക്കുന്നവനു പോലും നിയമനം ലഭിക്കാത്ത അവസ്ഥാവിശേഷത്തെക്കുറിച്ചാണ് നേരത്തെ ഇവിടെ സൂചിപ്പിച്ചത്.

സർ, ഇവിടെ സ്പെഷ്യൽ റിക്രൂട്ട്മെൻറിന്റെ അടിസ്ഥാനത്തിൽ ആളുകളെ ഗസറ്റ് നോട്ടിഫിക്കേഷൻ മുഖേന എടുക്കാറുണ്ട്. ഇങ്ങനെ സ്പെഷ്യൽ റിക്രൂട്ട്മെൻറ് പ്രകാരം എല്ലാ ടെസ്റ്റുകളും കടന്ന് ജില്ലാ ആഫീസ് ഇവർക്ക് അഡ്വൈസ് മെമ്മോ കൊടുത്താൽപ്പോലും അവർക്ക് നിയമനം കിട്ടുന്നില്ല. അങ്ങനെ തിരുവനന്തപുരം പി.എസ്.സി. ആഫീസ് എൽ.ഡി. ടൈപ്പിസ്റ്റ് പോസ്റ്റിലേക്ക് വിളിച്ച പട്ടികജാതിയിൽപ്പെട്ട മൂന്നാം റാങ്കുകാരനെ തഴഞ്ഞ കാര്യം പത്രങ്ങളിലൊക്കെ റിപ്പോർട്ട് ചെയ്തതാണ്. അങ്ങനെ സ്പെഷ്യൽ റിക്രൂട്ട്മെൻറ് പ്രകാരം റാങ്കിൽ സ്ഥാനം പിടിക്കുന്നവർക്കു അവിടെ നിയമനം ലഭിക്കാത്ത സ്ഥിതിവിശേഷമാണ് പി.എസ്.സി. യിൽ ഉണ്ടായിരിക്കുന്നത്. പി.എസ്.സി. യുടെ പ്രവർത്തനങ്ങളിൽ അടിമുടി മാറ്റമുണ്ടാകണം. അതിൽ മെമ്പർമാരെ എടുക്കുന്നതിൽ യോഗ്യതയുള്ളവരെ മാത്രമേ മെമ്പറാക്കി മാറ്റാൻ പാടുള്ളൂ. രാഷ്ട്രീയക്കാർ വന്നതുകൊണ്ട് ഇതെല്ലാം മോശമാകുമെന്നു പറയുന്ന പ്രചരണവും അടിസ്ഥാന രഹിതമാണ്. രാഷ്ട്രീയത്തിൽത്തന്നെ മന്ത്രിമാരാകാൻ കഴിയാത്തവർക്കും വിശ്രമജീവിതം നയിക്കേണ്ടവർക്കുമുള്ള ഒരു സങ്കേതമായി പബ്ലിക് സർവ്വീസ് കമ്മിഷൻ മാറുന്ന സ്ഥിതി അവസാനിപ്പിച്ചേ മതിയാകൂ. അങ്ങനെ വന്നാൽ മാത്രമേ പി.എസ്.സി. യുടെ വിശ്വാസ്യത ഉയർത്തിപ്പിടിക്കുവാൻ സാധിക്കുകയുള്ളൂ.

അതുപോലെതന്നെ പി.എസ്.സി. യിൽ മെമ്പർമാരുടെ എണ്ണം വർദ്ധിപ്പിക്കണം. അവിടെ ആവശ്യത്തിന് സ്റ്റാഫില്ല. അവിടത്തെ പ്രവർത്തനത്തിന് ആവശ്യമായ സ്റ്റാഫിനെ കൊടുക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരക്കടലാസുകൾ ചോർന്നു പോകുന്നതാണ് മറെറാരു സ്ഥിതി വിശേഷം. ഇതിനെറ ഫലമായി ഇതിലെ ബന്ധപ്പെട്ട സംസ്ഥാനത്തെ ഐ.ജി. മാരെ കുറിച്ചുപോലും ഇപ്പോൾ ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുള്ള കാര്യം ഇതിനു മുമ്പ് എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ? ചോദ്യക്കടലാസുകൾ മുറുക്കാൻ കടകളിൽ നിന്നും പെട്ടിക്കടകളിൽ നിന്നും കപ്പലണ്ടി പൊതിഞ്ഞു കൊടുക്കാൻ ഉപയോഗിക്കുന്ന അവസ്ഥാവിശേഷം പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഉണ്ടായിരിക്കുന്നു. പബ്ലിക് സർവ്വീസ് കമ്മീഷനെറ ചോദ്യക്കടലാസുകൾ ഇങ്ങനെ വില്പന നടത്തുന്നുയെന്ന കാര്യംകൂടി ഉയർന്നു വന്നിരിക്കയാണ്. ആ സ്ഥിതി മാറിയെടുക്കണം. ഇന്നിവിടെ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് ജോലി കിട്ടണമെങ്കിൽ ഒന്നുകിൽ 25,000 രൂപ കൈക്കൂലി കൊടുക്കണം. അല്ലെങ്കിൽ ഉന്നതൻമാരുടെ ശുപാർശ വേണം. ഒന്നുകിൽ മന്ത്രിമാരുടെ ശുപാർശയോ അല്ലെങ്കിൽ ഭരണകക്ഷി എം.എൽ.എ. മാരുടെ ശുപാർശ. അല്ലെങ്കിൽ ഏതെങ്കിലും ഉന്നതൻമാരുടെയോ ശുപാർശകൾ വേണം. പണമോ ഉന്നതനേതാക്കൻമാരുടെ ശുപാർശയോ ഇല്ലാത്ത പാവപ്പെട്ടവരുടെ ഗതിയെന്താണ്? ആ പാവപ്പെട്ടവർക്കുവേണ്ടി ഒരു തുള്ളി കണ്ണീരു പൊഴിക്കാൻ പോലും നമ്മുടെ രാജ്യത്തെ ആർക്കും സാധിക്കുന്നില്ല. എല്ലാവരും ഈ തരത്തിൽ കേരളത്തിലെ തൊഴിലില്ലായ്മയെക്കുറിച്ച് പ്രസംഗിക്കുകയല്ലാതെ തൊഴിലില്ലായ്മ പരിഹരിക്കാൻവേണ്ടി യാതൊരു ശ്രമവും നടത്തുന്നില്ല. അതു കൊണ്ടാണ് കേരളത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാർ ഗവൺമെൻറിനു ഒരു മുന്നറിയിപ്പ് കൊടുത്തിട്ടുള്ളത്: പബ്ലിക് സർവ്വീസ് കമ്മീഷൻ റാങ്ക് ലിസ്റ്റിൽപ്പെട്ട മുഴുവൻ ആളുകൾക്കും നിയമനം കൊടുക്കാൻ സാധിക്കണം. അങ്ങനെ നിയമനം കൊടുക്കാൻ സാധിക്കുന്നില്ലെങ്കിൽ ഈ ഗവൺമെൻറിനു ഭരിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷം ഉണ്ടാകും. അത് എല്ലാ ഗവൺമെൻറുകൾക്കുമുള്ള ഒരു മുന്നറിയിപ്പാണ്. ഇവിടെത്തന്നെ ഒരു മാസക്കാലം നമ്മുടെ സംസ്ഥാനത്തെ മന്ത്രിമാർക്ക് റോഡിലിറങ്ങാൻ സാധിച്ചില്ല. കേരളത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാർ ഗവൺമെൻറിനോടു പറഞ്ഞു എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് തൊഴിലില്ലായ്മ വേതനവും പി.എസ്.സി. റാങ്ക് ലിസ്റ്റിൽ സ്ഥാനം പിടിച്ചവർക്കെങ്കിലും നിയമനവും കൊടുക്കണം. അതുപോലും ചെയ്യാൻ സാധിക്കാത്തതിനെറ ഫലമായി കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത ചെറുപ്പക്കാർ തെരുവിലിറങ്ങി മന്ത്രിമാരെ തടഞ്ഞപ്പോൾ ഒരു മാസക്കാലം എല്ലാവരും വീട്ടിൽ കഴിച്ചുകൂടേണ്ടിവന്നു. ആ സ്ഥിതിവിശേഷം ഇവിടെ ഇനിയും ഉണ്ടാകാൻ പാടില്ല. ഇപ്പോൾത്തന്നെ ഡി.വൈ.എഫ്.ഐ. യുടെ നേതൃത്വത്തിൽ അതിശക്തിമത്തായ ഒരു സമരത്തിനു യുവജനങ്ങൾ തയ്യാറായിരിക്കുകയാണ്. അവർക്ക് കിട്ടുന്നത് അടിയും വെടിയുമാണ്. കാസർകോട്ട് ബാലകൃഷ്ണൻ എന്നുപേരായ ഒരു ഡി.വൈ.എഫ്.ഐ. യുടെ പ്രവർത്തകനെയാണ് വെടിവച്ച് കൊന്നത്. പതിനായിരക്കണക്കിനു ചെറുപ്പക്കാരെ പോലീസ് ലാത്തികൊണ്ടടിച്ച് എല്ലൊടിക്കുകയാണ് ചെയ്തത്. ഇവിടെ തൊഴിലില്ലാത്ത പതിനായിരക്കണക്കിനു ചെറുപ്പക്കാർ പി.എസ്.സി. റാങ്ക് ഹോൾഡർമാരായിട്ടുണ്ട്. ആ ചെറുപ്പക്കാരുടെ വികാരം ഉൾക്കൊള്ളാത്ത ഗവൺമെൻറ് പബ്ലിക് സർവ്വീസ് കമ്മീഷനെത്തന്നെ ഒരു പ്രഹസനമാക്കി മാറ്റുകയും അതിൽക്കൂടി അവിഹിതമായ നിയമനങ്ങൾ, പി.എസ്.സി. യെ മറികടന്ന് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചു മുഖേന നടത്തുകയും ചെയ്യുകയാണ്. ഇവിടെ തൊഴിലില്ലാത്ത ചെറുപ്പക്കാരെ നിരാശരാക്കി മാറ്റുകയും അതിൽക്കൂടി നാലണ കിട്ടാൻ എന്താണ് വഴി എന്നുമാണ് ഗവൺമെൻറ് ആലോചിക്കുന്നത്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചു മുഖേന പിൻവാതിലിൽക്കൂടി നിയമനം നടത്തുകയും ചെയ്തുകൊണ്ട് ആയിരവും പതിനായിരവും പോക്ക

LIBRARY ARCHIVES Kerala Legislative Assembly

റിലാക്കാൻ വേണ്ടി ശ്രമിക്കുന്ന ഈ അവസ്ഥാവിശേഷം അവസാനിപ്പിക്കണമെന്നാണ് കേരളത്തിലെ മുഴുവൻ ജനങ്ങളും ആവശ്യപ്പെടുന്നത്. അങ്ങനെ കേരളത്തിലെ ജനങ്ങളുടെ പ്രതീക്ഷക്ക് അനുസരിച്ച് പി.എസ്.സി. യെ ഉയർത്തിക്കൊണ്ടുവരണം. പി.എസ്.സി. യുടെ പ്രവർത്തനങ്ങൾ നവീകരിക്കണം. പബ്ലിക് സർവ്വീസ് കമ്മിഷന്റെ തിരുവനന്തപുരത്തുള്ള ആഫീസിൽ വന്നാൽ മാത്രമേ എല്ലാ കാര്യങ്ങളും നടക്കുകയുള്ളൂ എന്ന ഇന്നത്തെ അവസ്ഥാ വിശേഷത്തിന് മാറ്റമുണ്ടാക്കുന്നതിനെക്കുറിച്ച് ഗൗരവപൂർവ്വം ഗവൺമെന്റ് ആലോചിക്കണം എന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, പബ്ലിക് സർവ്വീസ് കമ്മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വളരെ ചുരുങ്ങിയ സമയംകൊണ്ട് വലിയ വിശദീകരണം നൽകുവാൻ സാധിക്കുകയില്ലെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾക്കെല്ലാം അറിയാം. 1983-84ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഈ ചർച്ച ഉന്നയിച്ചിട്ടുള്ളത്. പബ്ലിക് സർവ്വീസ് കമ്മിഷനെ നമ്മൾ പരാമർശിക്കുമ്പോൾ ഇവിടെ പല മെമ്പർമാരും ചൂണ്ടിക്കാണിച്ചതുപോലെ ആ സ്ഥാപനത്തിൽ ജനങ്ങൾക്കുള്ള വിശ്വാസം നഷ്ടപ്പെടുകയെന്നുള്ള കാര്യം നമുക്ക് ഏറ്റവും അപകടകരമായിട്ടുള്ളതാണ്. സ്വതന്ത്രമായി പ്രവർത്തിക്കുകയും രാഷ്ട്രീയമായോ മറ്റു ചിന്തകളോ കൂടാതെ പ്രവർത്തിക്കുകയും ചെയ്യുന്ന രണ്ടു സ്ഥാപനങ്ങളായിട്ടാണ് നമ്മൾ ജുഡീഷ്യറിയെയും പബ്ലിക് സർവ്വീസ് കമ്മിഷനെയും കാണുന്നത്. ആ രണ്ടു സ്ഥാപനങ്ങൾക്കും അവരിൽ നിന്നുമുണ്ടാകുന്ന വീഴ്ചകൾ പരിശോധിക്കുന്നതിനുവേണ്ടി ഭരണഘടന തന്നെ ചില വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മിഷനിലെ അംഗങ്ങൾ അഴിമതിക്കാരാണെങ്കിൽ വളരെ പുകമറ സൃഷ്ടിക്കുന്ന ഏർപ്പാടുകൾ ചെയ്യാറില്ല. രാഷ്ട്രീയക്കാരെക്കുറിച്ചും മന്ത്രിമാരെക്കുറിച്ചുപോലും പറഞ്ഞാൽ അവസാനമൊന്നുമില്ലെങ്കിലും വിധിയെഴുതേണ്ടത് ജനങ്ങളാണ്. അവരെ സംബന്ധിച്ചിടത്തോളം അവർക്ക് മറുപടി പറയാനുള്ള അവസരമില്ല; വേദിയില്ല. അതുകൊണ്ട് എനിക്ക് എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളോടും പബ്ലിക് സർവ്വീസ് കമ്മിഷന്റെ പ്രവർത്തനത്തിൽ സംശയാലുക്കളായ എല്ലാ ആളുകളോടും അഭ്യർത്ഥിക്കുവാനുള്ളത് അവർക്ക് കിട്ടിയ വിവരങ്ങൾ സത്യസന്ധമായിട്ടുള്ളതാണെങ്കിൽ അത് ഗവർണ്ണർക്ക് കൊടുത്താൽ ഗവർണ്ണർ അത് ഇൻഡ്യൻ പ്രസിഡന്റിന് അയയ്ക്കും. അതിന്റെ തീരുമാനമെടുക്കുന്നത് സുപ്രീം കോടതിയാണ്. ഇതിനെക്കാൾ ഫുൾ പ്രൂഫായി വേറൊരു സംവിധാനവുമില്ല. മറ്റു രാഷ്ട്രീയക്കാരുടെ പേരിൽ ആരോപണങ്ങൾ നടത്തുന്നതുപോലെ ജനങ്ങളിൽ തെറ്റിദ്ധാരണ പരത്താൻ ഇടയാക്കുന്ന പ്രചരണം, ഈ മഹത്തായ സ്ഥാപനങ്ങളിൽ നിന്ന് നാം എന്തു പ്രതീക്ഷിക്കുന്നുവോ അത് നഷ്ടപ്പെടുത്തുമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. പി. എസ്. സി.യെ സംബന്ധിച്ചിടത്തോളം അവർക്ക് ചില പരിമിതികളുണ്ട്. അവരുടെ പ്രവർത്തനത്തിൽത്തന്നെ അനുദിനം ജോലി ഭാരം വർദ്ധിച്ചുവരികയാണ്. മൂന്നംഗങ്ങളുള്ള പി. എസ്. സി.യിൽ ഇപ്പോൾ പതിനഞ്ചംഗങ്ങളുണ്ട് എന്നാണ് പറയുന്നത്. ഇപ്പോൾ അവിടെ ആപ്പിക്കേഷനും ഡിസ്പോസസും എത്രയാണ് നടക്കുന്നത്? പി. എസ്. സിയ്ക്ക് അന്നുണ്ടായിട്ടില്ലാത്ത് പല ഡിപ്പാർട്ടുമെന്റിന്റെയും റിക്രൂട്ട്മെന്റ് ഇന്ന് ഏറ്റെടുക്കേണ്ടി വന്നു. വലിയ ഒരു ശതമാനം വരുന്ന പോലീസ് സേനയ്ക്കു വേണ്ടിയുള്ള റിക്രൂട്ട്മെന്റ് ഇന്ന് ഏറ്റെടുക്കേണ്ടി വന്നു. വലിയ ഒരു ശതമാനം വരുന്ന പോലീസ് സേനയ്ക്കു വേണ്ടിയുള്ള റിക്രൂട്ട്മെന്റ് പി. എസ്. സി. ക്ക് വിട്ടുകൊടുത്തിട്ട് അധികം കാലമായിട്ടില്ല. അതുപോലെ 52 പൊതുമേഖലാ സ്ഥാപനങ്ങളുടെ റിക്രൂട്ട്മെന്റ് പി. എസ്. സി. നടത്തണം. ഇങ്ങനെ പല മേഖ

LIBRARY ARCHIVES Kerala Legislative Assembly

ലകളിലും അവർ തെരഞ്ഞെടുപ്പ് നടത്തുണ്ടതായിട്ടുണ്ട്. അങ്ങനെ അവരുടെ ജോലിഭാരം വർദ്ധിച്ചുകൊണ്ടിരിക്കുന്നത് കണക്കിലെടുത്തുകൊണ്ടാണ് ചില നടപടികളും പബ്ലിക് സർവ്വീസ് കമ്മിഷന്റെ നിർദ്ദേശാനുസരണം ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്.

മറ്റൊരാക്ഷേപം ഉണ്ടായിരിക്കുന്നത് പബ്ലിക് സർവ്വീസ് കമ്മിഷൻ തെരഞ്ഞെടുക്കുന്ന ആളുകൾക്ക് നിയമനം കൊടുക്കാതെ മറ്റു മാർഗ്ഗങ്ങളിൽക്കൂടി താൽക്കാലിക ജീവനക്കാരെ നിയമിച്ച് പി. എസ്. സി.യുടെ റാങ്ക് ലിസ്റ്റ് പാഴാക്കിക്കളയുന്നു എന്നതാണ്. ആ കാര്യത്തിൽ ഗവൺമെന്റ് വളരെ കൃത്യമായി കർക്കശമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. എല്ലാം ഡിപ്പാർട്ടുമെന്റിലെയും സ്ഥിതിഗതികളും റിപ്പോർട്ടു ചെയ്യാനും അത് മോണിറ്റർ ചെയ്തു അതിൻമേൽ ആക്ഷൻ എടുക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആഗസ്റ്റ് 25-ാം തീയതി അയച്ച സർക്കുലറിനെത്തുടർന്നുള്ള നടപടിയുടെ ഫലമായി കിട്ടിയിടത്തോളം റിപ്പോർട്ടിൽ വയനാട്ടിലാണ് ഇതു പോലെ നടന്നിട്ടുള്ളതായി കണ്ടിട്ടുള്ളത്. അതു സംബന്ധിച്ച് 25-ാം തീയതി അവരുടെ വിശദീകരണം ആവശ്യപ്പെട്ടു. 140-ഓളം തസ്തികകളിൽ ഇങ്ങനെ നിയമനം നടന്നിട്ടുള്ളതായിട്ടാണ് പരാതി. എന്നുവച്ചാൽ മോണിറ്റർ ചെയ്തപ്പോൾ കിട്ടിയിട്ടുള്ള വിവരങ്ങൾ മറിച്ച് ഒരു കാരണവശാലും അത് ചെയ്യാൻ പാടില്ലെന്നുള്ള നിർദ്ദേശത്തിന് വളരെ ഫലമുണ്ടായി. പബ്ലിക് സർവ്വീസ് കമ്മീഷന്റെ ലിസ്റ്റ് ഉണ്ടായിട്ടും നിയമനം നടത്താത്ത ഒരു വകുപ്പ് കെ. എസ്., ആർ. ടി. സി. യാണ്. ഈ റിപ്പോർട്ടിൽ ആ ഒരു കാര്യമേ ചൂണ്ടിക്കാണിച്ചിട്ടുള്ളൂ. കെ. എസ്. ആർ. ടി. സി.യിൽ അങ്ങനെ ഉണ്ടാകാൻ കാരണം അവിടത്തെ യൂണിയനും മാനേജുമെന്റും തമ്മിൽ ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ അവിടെയുള്ള ആളുകളെ പിരിച്ചുവിടാൻ സാധിച്ചില്ല എന്നതാണ്. മാത്രമല്ല അതിനെത്തുടർന്ന് സമരങ്ങളും ബഹളവും ഉണ്ടായപ്പോൾ ഒരു വിഭാഗം അത് നിർത്തി വച്ചു. അതോടൊപ്പം തന്നെ കെ. എസ്. ആർ. ടി. സി. യിലെ ബസ് ജീവനക്കാരുടെ തോത് വളരെ കൂടുതലായതുകൊണ്ട് പുതുതായി റിക്രൂട്ട്മെന്റ് ഒന്നും നടത്തേണ്ടതില്ലെന്ന തീരുമാനം എടുത്തതുകൊണ്ട് ആ ലിസ്റ്റിൽ നിന്നും ആരേയും എടുത്തില്ല. അതാണ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. ഏതായാലും ശരി ഗവൺമെന്റിന്റെ വില വളരെ വ്യക്തമാക്കിക്കൊണ്ട് ഗവൺമെന്റ് കഴിഞ്ഞ ഏപ്രിൽ മാസത്തിലും ആഗസ്റ്റ് മാസത്തിലും എല്ലാ ഡിപ്പാർട്ടുമെന്റിലും എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും കൊടുത്തിട്ടുള്ള നിർദ്ദേശം ഒരു കാരണവശാലും പബ്ലിക് സർവ്വീസ് കമ്മിഷന്റെ ലിസ്റ്റ് നിലവിലിരിക്കുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന നിയമനം നടത്താൻ പാടില്ലെന്നാണ്. ഒരു ബുദ്ധമുട്ടുണ്ടായിരിക്കുന്നത്, പബ്ലിക് സർവ്വീസ് കമ്മിഷന്റെ ലിസ്റ്റ് ഉണ്ടെങ്കിൽപ്പോലും ജോയിൻ ചെയ്യുന്നതിനുള്ള സമയം മൂന്നു മാസമുണ്ടായിരുന്നു. ഇങ്ങനെ മൂന്നു മാസം കൊടുത്തതിന്റെ ഫലമായി മൂന്നു മാസം സമയമുണ്ടല്ലോ എന്നു കരുതി ജോയിൻ ചെയ്യാൻ താമസിക്കും. അങ്ങനെ വരുമ്പോൾ അതിന് റിക്രൂട്ട്മെന്റ് നടത്തും. അവസാനം ജോയിൻ ചെയ്യാൻ മൂന്നു മാസമെന്നുള്ളത് ഒന്നര മാസമാക്കിയിരിക്കുകയാണ്. അതായത് കഴിയുന്നിടത്തോളം പബ്ലിക് സർവ്വീസ് കമ്മിഷൻ റിക്രൂട്ട് ചെയ്ത ആളുകൾ നിലവിലുള്ളപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അല്ലെങ്കിൽ ബാക്ക് ഡോർ മുഖേനയുള്ള പ്രവേശനം തടയണമെന്ന് ഗവൺമെന്റിന്റെ നിർദ്ദേശമുള്ളതുകൊണ്ട് കർക്കശമായ നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന് ഫലവുമുണ്ടായി. പബ്ലിക് സർവ്വീസ് കമ്മിഷനെ സംബന്ധിച്ചിടത്തോളം അവരുടെ ജോലിഭാരത്തെക്കുറിച്ച് ഇവിടെ ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ചു. അവിടെ ആവശ്യത്തിന് സ്റ്റാഫിനെ

LIBRARY ARCHIVES Kerala Legislative Assembly

രണ്ടു വർഷത്തിനുള്ളിൽ തന്നെ ഏതാണ്ട് 230 പോസ്റ്റ് ക്രിയേറ്റ് ചെയ്തു. അഡിഷണൽ ജോയിന്റ് സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി അതു പോലെ തന്നെ ക്ലർക്കുമാർ, സെക്ഷൻ ആഫീസർമാർ എന്നിവരുടെ പോസ്റ്റുകളും ക്രിയേറ്റു ചെയ്തു.

ശ്രീ. എ. വി. താമരാക്ഷൻ : പബ്ലിക് സർവ്വീസ് കമ്മീഷൻ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ള ആ തസ്തികകളിൽ ഇപ്പോഴും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് നിയമിച്ചിട്ടുള്ള ആളുകളെ പിരിച്ചു വിടാൻ തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ : ഞാൻ പറയുന്ന കാര്യം ഒന്ന് പൂർത്തിയാക്കിയിട്ട് പോരേ. സ്റ്റാഫിന്റെ കാര്യമാണ് ഞാൻ പറയുന്നത്. 1984-ലെ ഓർഡർ പ്രകാരം 80 ആളുകളേയും അതു കഴിഞ്ഞ് 1984, 1985, 1986-ഓടെ 114 പേരേയും പുതുതായി നിയമിക്കുന്നതിന് സാംഗ്ഷൻ കൊടുത്തു. അതിനാവശ്യമായ സ്റ്റാഫിനെ ഈ ഗവൺമെന്റ് വന്നതിനുശേഷം തന്നെ, ആദ്യം ഉണ്ടായിരുന്നതിന്റെ ഏതാണ്ട് മൂന്നിലൊന്ന് ശതമാനം ആളുകളെ കൂടുതലായി കൊടുത്തിട്ടുണ്ട്. എന്നാൽ അവരുടെ ആപ്ലിക്കേഷൻസ് കൂടിയതുകൊണ്ട് ഈ സ്റ്റാഫ് പോരാതെ വരുന്നുണ്ട്. ഈ സ്റ്റാഫിനെ കൊടുത്തതുകൊണ്ട് മെച്ചമുണ്ടെന്ന് കാണാൻ സാധിക്കും. ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ചത് അവർക്ക് കിട്ടിയിട്ടുള്ള അപേക്ഷകളുടേയും അതിന്റെ തീരുമാനത്തേയും സംബന്ധിച്ചാണ്. അദ്ദേഹം സെലക്ഷന്റെ കാര്യം മാത്രമേ പറഞ്ഞിട്ടുള്ളു. ഒരു കാര്യം ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാം. 1980-81-ൽ ഏഴ് ലക്ഷത്തിതൊണ്ണൂറിയേഴായിരത്തി എണ്ണൂറ്റി ഇരുപത്തിയാറ് ആപ്ലിക്കേഷൻസ് ആണ് ഉണ്ടായിരുന്നത്. അന്ന് മൂന്ന് ലക്ഷത്തിഅൻപത്തിമൂവായിരം ഡിസ്പോസ് ചെയ്തു. 1981-82-ൽ അഞ്ചു ലക്ഷത്തി നാല്പത്തിരണ്ട് ഉണ്ടായിരുന്നതിൽ ആ വർഷം അഞ്ച് ലക്ഷത്തി ഇരുപത്തിയാറ് ഡിസ്പോസ് ചെയ്തു. അവിടെ നിന്ന് 1982-83-ൽ ആറുലക്ഷത്തി തൊണ്ണൂറ്റി ഒൻപത് ഉണ്ടായിരുന്നത് അഞ്ച് ലക്ഷത്തി അറുപത്തി ഒന്ന് ഡിസ്പോസ് ചെയ്തു. 1983-84-ൽ ഏഴുലക്ഷമുണ്ടായിരുന്നതിൽ മൂന്നുലക്ഷത്തി എഴുപതിനായിരം ഡിസ്പോസ് ചെയ്തും. 1984-85-ൽ പത്തുലക്ഷത്തി അറുപത്തി ഒൻപതിനായിരം ഉണ്ടായിരുന്നതിൽ ഡിസ്പോസ് ചെയ്തത് നാലുലക്ഷത്തി മുപ്പത്തയ്യായിരമാണ്. 1985-86-ൽ എട്ട് ലക്ഷത്തി എൺപത്തിമൂവായിരത്തി ഇരുന്നൂറ്റി അൻപത് ആപ്ലിക്കേഷൻസ് ഉണ്ടായിരുന്നതിൽ എട്ടു ലക്ഷത്തി പതിനായിരത്തി മുന്നൂറ്റി തൊണ്ണൂറ്റിമൂന്നും ഡിസ്പോസ് ചെയ്തിട്ടുണ്ട്. അതായത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം അവർ ത്വരിതപ്പെടുത്തുന്നു. അതോടൊപ്പം തന്നെ ഒരു കാര്യം എല്ലാവരും സമ്മതിക്കേണ്ടതുണ്ട്. അപേക്ഷകരും അതിവേഗത്തിൽ പ്രോസസ് ചെയ്ത് ഡിസ്പോസ് ചെയ്യണമെങ്കിൽ ഈ കാര്യത്തിൽ കംപ്യൂട്ടറൈസ് ചെയ്യാതെ നിവൃത്തിയില്ല. പി. എസ്. സി. യെ സംബന്ധിച്ച് ഇത് ആവശ്യമാണെന്നുള്ള കാര്യം സ്വയം എല്ലാവരും സമ്മതിക്കുമെങ്കിലും തൊഴിൽ അവസരം നഷ്ടപ്പെടുമെന്ന് സംശയിക്കുന്നു. ആ ധാരണ തെറ്റാണെന്നാണ് ഇതുവരെയുള്ള അനുഭവത്തിൽ നിന്ന് കാണാൻ സാധിക്കുന്നത്. കംപ്യൂട്ടറൈസ് ചെയ്യുന്നതുകൊണ്ടുള്ള മെച്ചം നമുക്ക് വളരെ അക്കുറേറായിട്ടും വളരെ വേഗത്തിലും കിട്ടുമെന്നുള്ളതാണ്. ഇത് ഡീൽ ചെയ്യുന്നതിന് ജീവനക്കാരും വേണം. അപ്പോഴും ജീവനക്കാരുടെ കുറവുവരുമെന്നുള്ള ധാരണ തെറ്റാണ്. പബ്ലിക് സർവ്വീസ് കമ്മീഷൻ പോലുള്ള സ്ഥാപനം ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതു പോലെ അപേക്ഷയും കൊടുത്ത് വേഴാമ്പലിനെപ്പോലെ കാത്തിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലില്ലാത്ത ചെറുപ്പക്കാരെ സംബന്ധിച്ചിടത്തോളം ഉണ്ടോ ഇല്ലയോ എന്നുള്ളത് അറിയാനുള്ള ഉൽക്കണ്ഠയുണ്ട്. അതുകൊണ്ട് അതിവേഗത്തിൽ ഡിസ്പോസ് ചെയ്യുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് പബ്ലിക് സർവ്വീസ് കമ്മിഷൻ ചെയർമാനും മറ്റ് ആളുകളുമായിട്ടും ഞങ്ങൾ സംസാരിച്ച് അതിന് ചില നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതുപോലെതന്നെ അവർ ചില നിർദ്ദേശങ്ങളും വച്ചിട്ടുണ്ട്.

സർ, ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ സംബന്ധിച്ചിടത്തോളം സെലക്ഷനിൽ അഴിമതി നടത്തുന്നുവെന്ന് പറഞ്ഞു. അതായത് ഏറ്റവും താഴെയുള്ള ശിപായി ഉൾപ്പെടെയുള്ള ലാസ്റ്റ് ഗ്രേഡുകാരെയൊഴിച്ച് ബാക്കി ഉള്ളതിനെല്ലാം ടെസ്റ്റും ഇൻറർവ്യൂവുമാണ് നടത്തുന്നത്. ആ ഇൻറർവ്യൂവിന് ഉണ്ടായിരുന്ന മാർക്ക് ഇപ്പോൾ 20 ശതമാനമായി കുറച്ചിരിക്കുകയാണ്. സുപ്രീം കോടതിയാണ് ഈ കാര്യം ചൂണ്ടിക്കാണിച്ചത്. എപ്പോഴും പബ്ലിക് സർവ്വീസ് കമ്മിഷൻ മെമ്പർമാരുടെ ഈ തീരുമാനത്തിൽ സംശയം ഉദിപ്പിക്കുന്നത് ഇൻറർവ്യൂവിൻറെ മാർക്കിൻറെ കാര്യത്തിലാണ്. ആ ഇൻറർവ്യൂവിൻറെ മാർക്ക് കുറയ്ക്കണമെന്നുള്ള തീരുമാനം നമ്മുടെ കേരളാ പബ്ലിക് സർവ്വീസ് കമ്മിഷൻ അംഗീകരിച്ചു. ഈ അടുത്തയവസരത്തിൽ ഈ ശതമാനം കുറച്ചിട്ടുണ്ട്. അപ്പോൾ ടെസ്റ്റ് കഴിഞ്ഞ് ഇൻറർവ്യൂ മാർക്ക് തീരെ എടുത്തുകളഞ്ഞതിൻറെ കാരണം അവർ പരീക്ഷയെഴുതി ജയിച്ചെങ്കിലും അവരെ എക്സിക്യൂട്ടീവ് ചെയ്യുന്ന കാര്യത്തിൽ അവരുടെ ഇനിഷ്യേറ്റീവ് എന്താണ്, ഈ കാര്യത്തിൽ അവർക്കുള്ള ധാരണയെന്താണ് എന്ന് മനസ്സിലാക്കാൻ ഇൻറർവ്യൂ ആവശ്യമായതുകൊണ്ട് ഇൻറർവ്യൂവിൽ ശതമാനം കുറച്ചുകൊണ്ട് നിലനിറുത്തിയിട്ടുണ്ട്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : ഈ ഇൻറർവ്യൂവും ടെസ്റ്റുമൊക്കെ നടക്കുമ്പോൾ രാഷ്ട്രീയ പ്രവർത്തകരായ കുറേ ആളുകൾ നേരെ തിരുവനന്തപുരത്തേയ്ക്ക് വന്ന് അതിൽ സ്വാധീനിക്കാൻവേണ്ടി നേതാക്കൻമാരേയും മന്ത്രിമാരേയും കാണുന്നു എന്ന ഒരു ധാരണ വരുത്തി ഒരു റോക്കറുണ്ടാക്കി നാട്ടുകാരുടെ കാശ് പിടുങ്ങുന്നത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അത് ഇല്ലാതാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ : രാഷ്ട്രീയക്കാരായതുകൊണ്ടല്ല ബഹുമാനപ്പെട്ട മെമ്പർ ഉൾപ്പെടെയുള്ള എല്ലാ പൊതു ജീവിതത്തിലും ഇന്ന് കാണുന്നതായ ഒരു താഴ്മയുണ്ട്. അധഃപതനം എന്നു ഞാൻ പറയുന്നില്ല. കീഴ്പോട്ടുള്ള പോക്ക്. തിരുവിതാംകൂർ സ്റ്റേറ്റിൽ ആദ്യമായി നിയമിച്ച ഒരു രാഷ്ട്രീയക്കാരൻ, ശ്രീ. ആർ. വി. തോമസ് ആണ്. അദ്ദേഹം പബ്ലിക് സർവ്വീസ് കമ്മിഷൻ മെമ്പറായിരുന്ന കാലത്ത് ഇത്രയും സത്യസന്ധനായ, യോഗ്യനായ ഒരു മെമ്പർ ഉണ്ടായിട്ടില്ല എന്ന് പരക്കെ അംഗീകരിക്കപ്പെട്ടതാണ്. അതുപോലെ എന്തായിരുന്നു മി. ഉദയഭാനു? അതുപോലെ തന്നെ നമ്മുടെ ശ്രീ. ഉമ്മർ കോയ.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : ഞാൻ ഇത്തരം ഒരു അഴിമതി ചൂണ്ടിക്കാണിച്ചതിനെത്തുടർന്ന് എന്നെപ്പോലുള്ള മെമ്പർമാർ വളരെ അധഃപതിച്ചുപോയി എന്ന് പറഞ്ഞത് ശരിയാണോ? അങ്ങേരെപ്പറ്റി ശരിയാണെങ്കിലും എന്നെപ്പറ്റി ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ : അധഃപതിച്ചുവെന്ന് പറഞ്ഞത് അങ്ങ് അഴിമതിക്കാരനാണെന്നല്ല. ഈ കാര്യത്തെക്കുറിച്ചുള്ള അങ്ങയുടെ സമീപനവും പ്രചരണവും അധഃപതനത്തിലേക്കാണ് എത്തുന്നതെന്നാണ്. എല്ലാവരും യോഗ്യരാണ്. നെഞ്ചത്തു കൈവച്ച് പറയാനൊക്കുമോ എല്ലാവരും അത്രമാത്രം യോഗ്യരാണെന്ന്. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. നമ്മുടെ സമൂഹത്തിൽ വന്നിട്ടുള്ള ധാരണയാണ്. അല്ലെങ്കിൽ ശ്രീ. എം.വി. വർഗ്ഗീസിനെക്കുറിച്ച് ആരും ഇതുവരെ ഒന്നും പറഞ്ഞിട്ടില്ല. പക്ഷേ, സജീവ രാഷ്ട്രീയക്കാരെ കൊണ്ടുവന്നത് ഈ ഗവൺമെൻറാണോ ? ഞാൻ തിരിച്ച് ചോദിക്കട്ടെ ആരാണ് ആദ്യം കൊണ്ടുവന്നതെന്ന്. ഏതായാലും ശരി, ഈ അധഃപതനം വന്നതിനെക്കുറിച്ചൊന്നും നമ്മൾ ഇപ്പോൾ പറയാതിരിക്കുകയാണ് നല്ലത്. അതിനാണ് ഇൻഡ്യൻ ഭരണഘടനയിൽ ഏറ്റവും സംരക്ഷകമായ ചില വ്യവസ്ഥകൾ ഇതിൽ ഏർപ്പെടുത്തിയിട്ടുള്ളത്. ഈ കാര്യത്തിൽ ഒന്നുകൂടി എടുത്തു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട പീതാംബരൻ മാസ്റ്റർ പറഞ്ഞു പബ്ലിക് സർവ്വീസ് കമ്മീഷൻ ലിസ്റ്റ് അതിന്റെ ആയുഷ്ക്കാലം മുഴുവൻ നീട്ടണമെന്ന്. എത്രയോ കഴിവുള്ള ചെറുപ്പക്കാർ കാത്തിരിക്കുകയാണ്. 45 വയസ് 50 വയസിൽ സർവ്വീസിൽ വന്നാൽ 55 വയസിൽ റിട്ടയർ ചെയ്യണം, ആ റിട്ടയർമെൻറിന്റെ വയസ് വർദ്ധിപ്പിക്കാൻ ഈ സഭ തയ്യാറുണ്ടോ ? സാദ്ധ്യമല്ല. കാരണം ഉദ്യോഗത്തിനുവേണ്ടി ചെറുപ്പക്കാർ കാത്തിരിക്കുകയാണ്. അതുകൊണ്ട് അവിടെ ഒരു ലിസ്റ്റ് ഉണ്ടെന്ന് കരുതി ചെറുപ്പക്കാർ സർവ്വീസിൽ വന്നുകഴിഞ്ഞാൽ ഇന്നത്തെ നിലയിൽ പലർക്കും പെൻഷൻ പറ്റാൻ ഒക്കുകയില്ല. മുപ്പത്തിയെട്ട് വയസുവരെ റിക്രൂട്ട്മെൻറ് വച്ചിട്ട് 55 വയസിൽ റിട്ടയർ ചെയ്യുന്നയാളിന് മുഴുവൻ പെൻഷൻ കിട്ടുകയില്ല. അതുകൊണ്ട് ഇന്ന് വച്ചിട്ടുള്ള ഒരു കൊല്ലത്തിനകത്ത് നിയമനം കിട്ടുന്നില്ലെങ്കിൽ അത് മൂന്ന് വർഷം വരെ നീട്ടാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്. അല്ലാതെ അനിശ്ചിത കാലത്തേക്ക് നീട്ടുകയെന്നുള്ളത് പ്രയാസമാണ്. ഈ മൂന്ന് വർഷം തന്നെ ഒരു കൊല്ലംകൊണ്ട് ക്യാൻസൽ ചെയ്യുന്നതുമുണ്ട്. ഒരു കൊല്ലംകൊണ്ട് തീരാത്തത് മൂന്ന് വർഷം വരെ നീട്ടിക്കൊടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിലൊക്കെ ന്യായമായി സാമാന്യേന കാര്യങ്ങൾ നടത്തണമെന്നുള്ളതാണ്. എല്ലാവർക്കും ഉദ്യോഗം കിട്ടുമെന്ന് ആരെങ്കിലും വിചാരിച്ചിട്ടുണ്ടെങ്കിൽ ആ ധാരണ തെറ്റാണ്. അദ്ധ്യാപകൻമാർ പി.എസ്.സി. യുടെ പരിധിയിൽ വരുന്നവരല്ല. സർക്കാർ സർവ്വീസിലേക്ക് വരുന്നത് കേവലം രണ്ട് ശതമാനത്തിൽ താഴെ മാത്രമാണ്. അതായത് സർക്കാർ ശമ്പളം പറ്റുന്നവർ. ആ നിലയിൽ തൊഴിലില്ലായ്മ പരിഹരിക്കാൻ സർക്കാർ റിക്രൂട്ടുമെൻറും പി.എസ്.സി.യും കാത്തിരിക്കുന്നത് യാഥാർത്ഥ്യമായി വേണ്ടിടത്തോളം പൊരുത്തപ്പെട്ടു പോവുകയില്ലെന്ന് മാത്രമേ എനിക്ക് പറയാനുള്ളു. പബ്ലിക് സർവ്വീസ് കമ്മീഷൻറെ പ്രവർത്തനത്തിൽ കാലാകാലങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ ഗവൺമെൻറ് നടപടി സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി. യാണെങ്കിൽ ഇന്ന് ആ മേഖല എല്ലാം നന്നായി പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്താനും പി.എസ്.സി. യെക്കുറിച്ച് ഒരു ആക്ഷേപത്തിനും ഇടവരാതെ സത്യസന്ധമായി മുന്നോട്ടുപോകാനും നടപടി സ്വീകരിച്ചുവരുന്നു എന്നുള്ളതിൽ ഗവൺമെൻറിന് ചാരിതാർത്ഥ്യമുണ്ട്. ആ കാര്യത്തിൽ എല്ലാ വിഭാഗത്തിന്റേയും സഹകരണമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

1986 നവംബർ 7-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ 1.39-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly